
# ഡിജിറ്റൽ ജാലകം




- ലിറ്റിൽ കൈറ്റ്

പി.കെ.എം.എം.എച്ച്.എസ്.എസ്

.എടരിക്കോട്

# ആമുഖം

സുഹൃത്തുക്കളെ ,

ഈ സുദിനം നമ്മുടെ കലാലയത്തിന്റെ വിദ്യാഭ്യാസചരിത്രത്തിൽ സുവർണ്ണലിപികളാൽ എഴുതപ്പെടുന്ന ദിനമാണ്. ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി. ക്ലബ്ബിലെ കുട്ടികളുടെ മാത്രം നേതൃത്വത്തിൽ ഡിജിറ്റൽ ജാലകം എന്ന മാഗസിൻ നിർമ്മിക്കുകയാണ്. ആദ്യമായിട്ടാകും പരിസ്ഥിതിസൗഹാർദ്ദപരമായി ഒരു മാഗസിൻ പുറത്തിറങ്ങുന്നത്. ഒരു പേപ്പർ ഉണ്ടാക്കുമ്പോൾ നൂറുകണക്കിന് മരങ്ങളാണ് നശിക്കുന്നത്. അതിനാൽ തന്നെ, പരിസ്ഥിതിക്ക് യാതോരു കോട്ടവും വരുത്താതെയാണ് ഈ മാഗസിൻ പുറത്തിറങ്ങുന്നത്, കാരണം മനുഷ്യർ പ്രകൃതിക്കെപ്പോഴും കടപ്പെട്ട് ആണിരിക്കുന്നത്. അവളുടെ ഓരോ ശ്വാസഗതികൾക്കും നമ്മളെ അത്രമേൽ സ്വാധീനിക്കാനാകും.

ഇത് കുട്ടികളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിനുള്ള ഒരു തട്ടകമാണ്. ഹൃദയ തീക്ഷ്ണതയുടെ ആലയിൽ കുരുത്തെടുത്ത വാക്കുകൾ നിങ്ങളെ വായനയുടെ ആഴത്തട്ടിലേക്ക് കൊണ്ടു പോകട്ടെയെന്ന പ്രാർത്ഥനയോടെ...



## BASHEER POOZHIKKAL

### MANGER

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നവസംരംഭമായ "ഡിജിറ്റൽ ജാലകം"- മാഗസിന് എന്റെ എല്ലാവിധ ഭാവുകളും നേരുന്നു.



## MOHAMMED SHAFI

### PRINCIPAL

വിവരസാങ്കേതികവിദ്യ ഇല്ലാതെ ഇന്ന് ലോകത്തിന് ഒരടി പോലും പോകാനാവില്ല.അതിനാൽ വിവരസാങ്കേതികവിദ്യയിൽ തൽപരരായ ഈ കുട്ടികളുടെ ഡിജിറ്റൽ ജാലകം എന്ന മാഗസിൻ ഒരു പുതു ചരിത്രം കുറിക്കട്ടെ എന്ന് ആശംസിക്കുന്നു.



# KADIJABI SRAMBIYAN

## HEAD MISTRESS

പ്രിയപ്പെട്ട വിദ്യാർത്ഥികളെ,

നമ്മുടെ കലാലയം ഇക്കഴിഞ്ഞ വർഷം വലിയൊരു മാറ്റത്തിന് സാക്ഷ്യം വഹിക്കുകയുണ്ടായി. അനേകർക്ക് വിദ്യ പകർനൽകുന്ന ഈ വിദ്യാലയം സമ്പൂർണ്ണ ഹൈടെക്കാകുന്ന സംസ്ഥാനത്തെ തന്നെ ആദ്യത്തെ വിദ്യാലയമായി മാറി. പണ്ട് ബ്ലാക്ക്ബോർഡും ചോക്കും മാത്രമായിരുന്ന ശിക്ഷണ ഉപകരണങ്ങളെങ്കിൽ ഇന്നത് ഹൈടെക് ഉപകരണങ്ങളായി മാറുകയാണ്. ഈ ഹൈടെക് യുഗത്തിൽ വിദ്യാഭ്യാസരീതികൾ നവീനസാങ്കേതികവിദ്യകൾ സംക്രമിപ്പിച്ചുകൊണ്ട് കുട്ടികളിൽ ഫലവത്തായി എത്തിക്കുവാൻ സാധിക്കും. ഹൈടെക് ക്ലാസ്മുറികൾ പാഠ്യപ്രവർത്തനങ്ങളെ ആയാസരഹിതമായും വേഗത്തിലും കുട്ടികളിൽ എത്തിക്കുവാൻ സാധിക്കുന്നു. ഇത് വിദ്യാഭ്യാസത്തിന്റെ പുരോഗമനത്തിന് സഹായിക്കുന്നു.

ഗവൺമെന്റ് തുടങ്ങിവെച്ച 'ലിറ്റിൽ കൈറ്റ്സ്' എന്ന വിവരസാങ്കേതിക ക്ലബ്ബ് കുട്ടികളെ നവീന സാങ്കേതികവിഷയങ്ങൾ പഠിപ്പിക്കാനായി ആവിഷ്കരിച്ചതാണ്. അങ്ങനെ കേരളം മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയായിരിക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നിർമ്മിച്ച ഈ മാഗസിൻ ഏവരുടെയും മനം കവരുന്ന ഒന്നാകട്ടെ എന്ന് ആശംസിക്കുന്നു.



# MANOJ P.V

## STAFF SECRETARY

ലിറ്റിൽ കൈറ്റ് എന്നാൽ ചെറിയ പട്ടങ്ങൾ. പരിസ്ഥിതി സൗഹാർദ്ദപരമായി ഇവർ നിർമ്മിക്കുന്ന ഈ മാഗസിൻ ആകാശസീമകളെ ഭേദിച്ച് ചരിത്രത്തിന്റെ താളുകളിൽ ഇടം പിടിക്കട്ടെ എന്ന് ആശംസിക്കുന്നു.



**K.P Nazar**
SRG Convener

സാങ്കേതിക വിദ്യയുടെ സാധ്യതകൾ നവലോകത്തിനനുസൃതമായി വിഭാവനം ചെയ്യാൻ പ്രതിഭകളായ മക്കൾക്കാവട്ടെ എന്ന ആശംസകളോടെ..

# ഉള്ളടക്കം


| ക്രമ നമ്പർ | പേര് | വിഭാഗം | പേജ് |
|---|---|---|---|
| 1 | ആത്മാർത്ഥതയുടെ ആഴം | കഥ | 1 |
| 2 | തേൻകണം | കവിത | 2 |
| 3 | വെളുക്കാൻ തേച്ചത് പാണ്ടായി | കഥ | 3 |
| 4 | ഞാൻ നനയാത്ത മഴ | കവിത | 5 |
| 5 | കാൽപ്പാടുകൾ | കഥ | 6 |
| 6 | അമ്മ | കവിത | 9 |
| 7 | കണ്ണ് തുറക്കാതെ | കഥ | 10 |
| 8 | ദൈവത്തിന്റെ കളി | കവിത | 12 |
| 9 | ഞാൻ മാത്രം | കഥ | 12 |
| 10 | സൗഹൃദം | കവിത | 14 |
| 11 | കഥയും പൊരുളും | ചെറുകഥ | 15 |
| 12 | മാതൃഭൂമി | കവിത | 16 |
| 13 | മുക്കിലപീടിക | കഥ | 17 |
| 14 | പ്രകൃതിയുടെ മായാലോകത്തേക്ക് | യാത്രാവിവരണം | 19 |
| 15 | മഞ്ഞുകാലം | കവിത | 20 |
| 16 | വൈക്കം മുഹമ്മദ് ബഷീർ | ജീവചരിത്രം | 20 |
| 17 | തുഞ്ചത്തെഴുത്തച്ഛൻ | ജീവചരിത്രം | 21 |
| 18 | ലളിതാംബിക അന്തർജനം | ജീവചരിത്രം | 22 |
| 19 | കുമാരനാശാൻ | ജീവചരിത്രം | 22 |
| 20 | കാലം | കഥ | 23 |
| 21 | ഒരു കൊന്നപ്പൂവ് | കവിത | 24 |
| 22 | അജയ്യൻ | കഥ | 26 |
| 23 | ഒരു വയനാട് യാത്ര | യാത്രാവിവരണം | 27 |

| | | | |
|---|---|---|---|
| 24 | തൂലിക | കവിത | 28 |
| 25 | വഴിയറിയാതെ | കവിത | 29 |
| 26 | ജനകീയകവി | ജീവചരിത്രം | 30 |
| 27 | തൊഴിലിനോടുള്ള ആത്മസമർപ്പണം | ലേഖനം | 30 |
| 28 | പ്രകൃതിയുടെ വിലാപം | കവിത | 31 |
| 29 | വിക്കിപീഡിയ-ഒരു സ്വതന്ത്ര വിജ്ഞാന കോശം | ലേഖനം | 32 |
| 30 | അകം വിങ്ങുമ്പോൾ | കവിത | 33 |
| 31 | ഒരു ബാലിക | കവിത | 34 |
| 32 | വേനൽ മഴ | കവിത | 34 |
| 33 | എന്റെ രണ്ടാം ഗൃഹം | കവിത | 35 |
| 34 | സന്ധ്യ | കവിത | 36 |
| 35 | മരണം | കവിത | 36 |
| 36 | സൃഷ്ടാവ് | കവിത | 37 |
| 37 | അവളുടെ കണ്ണുനീർ | കഥ | 37 |
| 38 | Water Pollution | ലേഖനം | 39 |
| 39 | Healthy Habits | ലേഖനം | 40 |
| 40 | Teacher | കവിത | 41 |
| 41 | The farmer and the sparrow | Story | 42 |
| 42 | One 4 All, All 4 one | Poem | 43 |
| 43 | Next Gen Memorial | Poem | 43 |
| 44 | Brain Computer | Poem | 44 |
| 45 | Little Things | Poem | 44 |
| 46 | The Better Prize | Poem | 45 |
| 47 | Life | Poem | 45 |

| | | | |
|---|---|---|---|
| 48 | Pretty Butterflies | Poem | 46 |
| 49 | School Life | Poem | 46 |
| 50 | School world | Poem | 47 |
| 51 | Bonds | Poem | 47 |
| 52 | Mother | Poem | 48 |
| 53 | 2018 Kerala flood | Poem | 49 |
| 54 | Tears of love | Poem | 49 |
| 55 | Little bees | Poem | 50 |
| 56 | Who am I ? | Poem | 51 |
| 57 | Goal poem | Poem | 52 |
| 58 | The best of friends | Poem | 52 |
| 59 | Old friends together | Poem | 53 |
| 60 | Valuable friends | Poem | 54 |
| 61 | Truly a friend | Poem | 54 |
| 62 | A real friend | Poem | 55 |
| 63 | Alone | Poem | 55 |
| 64 | Beauty searches beauty | Poem | 56 |
| 65 | Hi-Tech Report | Report | 57 |

# ആത്മാർത്ഥതയുടെ ആഴം

ATHUL ANEJA
8 AE

കുറേനേരമായി രണ്ടുപേരും കടലിന്റെ തിരമാലയിലേക്ക് കണ്ണും നട്ടിരിക്കാൻ തുടങ്ങിയിട്ട്. തിരമാലകൾ തങ്ങളെ നോക്കി പല്ലിളിച്ച് പരിഹസിക്കുന്നതുപോലെ രവിക്ക് തോന്നി. നിശബ്ദതയെ അവഗണിച്ച് കൊണ്ട് രവി തന്റെ സംസാരത്തിന് തുടക്കമിട്ടു. തങ്ങളുടെ ജീവിതത്തിന്റെ ചില സുപ്രധാന തീരുമാനങ്ങളും അതിന്റേതായ വഴിത്തിരിവിന്റെയും ഒരു ഘട്ടം. ഏറെ നേരത്തെ സംസാരത്തിനൊടുവിൽ ഒരു തീരുമാനം ദൃഢസ്വരത്തിലെടുത്തു. ഇനി നമ്മുടെ വീട്ടുകാർ സമ്മതിച്ച് ഈ ഭൂമിയിൽ നാം ഒരുമിച്ച് ജീവിക്കില്ല. അതിനാൽ നമുക്ക് കഴിയുന്ന ഒരു കാര്യമുണ്ട്. ഒരുമിച്ച് മരിക്കുക. അതേ ഇനി മാർഗ്ഗമുള്ളൂ. നമ്മുടെ സ്നേഹത്തിന്റെ ആഴം ഈ ലോകവും നമ്മുടെ വീട്ടുകാരും മനസ്സിലാക്കട്ടെ! രവി വിഷം കഴിക്കാൻ ഉഷയെ നിർബന്ധിച്ചു. ഒപ്പം സ്വയം കുറച്ച് കുടിക്കുകയും ചെയ്തു. ധൃതിയിൽ ഉഷയോട് കുടിക്കാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ രവിയുടെ ശബ്ദത്തിനും ശരീരത്തിനും ഒരു തരം വിറയൽ വന്നു. കണ്ണുകൾ പാതി അടഞ്ഞിരിക്കുന്നു. അവിടെ ഉള്ള ആളുകൾ തന്റെ വീട്ടുകളിലേക്ക് പോയിതുടങ്ങിയിരുന്നു. ഉഷ ആകെ ഭയന്നു. അസ്തമയ സൂര്യൻ തന്റെ അവസാനത്തെ പ്രഭ ചൊരിഞ്ഞുകൊണ്ടിരുന്നു. രവി ഇതിനിടയിൽ അവളോട് വിഷം കഴിക്കാൻ ആംഗ്യഭാഷയിൽ പറഞ്ഞ് ഒരു ഭാഗത്തേക്ക് ചെരിഞ്ഞുവീണു. ഉഷ കയ്യിലിരുന്ന കുപ്പി വലിച്ചെറിഞ്ഞു. എന്നിട്ട് പിടഞ്ഞെണീറ്റ് ധൃതിയിൽ ഓടി എങ്ങോട്ടും നോക്കാതെ. നാട്ടിലേക്കുള്ള ബസ്സിൽ കയറി.

ബസ് പുറപ്പെട്ടു. ബസ് ചാർജ്ജ് കൊടുക്കാൻ കയ്യിൽ ഒന്നും ഉണ്ടായിരുന്നില്ല. കണ്ടക്ടർ ചോദിച്ചപ്പോൾ പിന്നിൽ ആളുണ്ടെന്ന് കള്ളം പറഞ്ഞു. പിന്നെ അയാൾ കാശ് ചോദിച്ചതുമില്ല. നാട്ടിലെത്തി. പക്ഷേ നേരം വൈകിയിരുന്നു. ബസ്സ് ഇറങ്ങി വീട്ടിലേക്ക് ലക്ഷ്യമാക്കി ധൃതിയിൽ നടന്നു. വഴി രണ്ടായി പിരിയുന്നിടത്തെത്തി ഒരു നിമിഷം... പരിചയമുള്ള വിളി. ഉഷ തിരിഞ്ഞു നോക്കി. അവൾ ആകെ ഞെട്ടി. അതാ ഉഷയുടെ മുന്നിൽ രവി. അവൾക്ക് എന്തോ കുഴയുന്നത് പോലെ തോന്നി. ഇത് രവിയോ? അതോ രവിയുടെ പ്രേതമോ? ഒന്നും

ഉഷയ്ക്ക് മനസ്സിലായില്ല. അപ്പോൾ രവി പറഞ്ഞു.''ഇത് ഞാൻ തന്നെയാണ്''.

രവി തുടർന്നു. നിന്റെ ബസ് ചാർജ്ജ് ഞാനാണ് കൊടുത്തത്. എന്റെ കൈയ്യിലിരുന്നത് വിഷം ഉള്ള കുപ്പി അല്ലായിരുന്നു. അത് വൈദ്യരുടെ കടയിലെ അരിഷ്ടമായിരുന്നു. ഏതായാലും നമ്മുടെ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിഞ്ഞു. അതിന് നന്ദി. ഏതായാലും നമ്മൾതമ്മിൽ ഉള്ള സ്നേഹത്തിന്റെ ആഴം എത്രത്തോളം എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞതിൽ ദൈവത്തോട് നന്ദി. ഉഷയ്ക്ക് ഒന്നും പറയാനായില്ല. അവൾ സ്തംഭിച്ച് നിന്നു. രവി തുടർന്നു. "ഇനി നിനക്ക് നിന്റെ വഴി, എനിക്ക് എന്റെ വഴി"

അവൾ തലതാഴ്ത്തി. രവി തിരിഞ്ഞ് വീട്ടിലേക്കും പോയി. ഉഷ അവളുടെ വീട്ടിലേക്കും.

---

## **തേൻകണം**



SATHYANATHAN K

10 A

പുലരിയിൽ ഇങ്ങനെ വന്നതെന്തേ
പൂക്കളെ നോക്കി ചിരിക്കുവാനോ
പൂമൊട്ടിനോടൊത്തു ചൊല്ലിനിന്നു
പുലരിയിലെ മഞ്ഞിൽ കുളിച്ചതാണോ
പുഞ്ചിരി തൂകുമോമൽ കിടാവിൻ
ചുണ്ടത്തെ തേൻകണമോർത്തു പോയ് ഞാൻ
ഇമ്പമോടോടി വന്നെന്നെ വാരി
പുണർന്നെങ്ങാ മറഞ്ഞ കുളിർതെന്നലേ

തിങ്കളും ഞാനും പറഞ്ഞതെല്ലാം
അലകളിലൊളിഞ്ഞു നീ കേട്ടിരുന്നോ?
ആഴികൾക്കപ്പുറത്താരോ വിളിച്ചതുപോൽ
ഞാൻ നോക്കി നിൽക്കെ മറഞ്ഞതെന്തേ?
ഒരു മാത്രകൊണ്ടുകുറിച്ചതാണിന്നലെ
പ്രേമകാവ്യത്തിന്റെ ഈ വരികൾ
നിറയുന്ന മിഴികൾക്കുകൂട്ടിനായ്
എപ്പഴോ സന്ധ്യയും ചേർന്നെന്റെകൂടെ.

---

# വെളുക്കാൻ തേച്ചത് പാണ്ടായി



ആദിത്യൻ.സി.സി
8 O

മഞ്ചാലിക്കാട്ടിൽ മത്സരമാണ്.ഓരോരുത്തരും അതിന്റേതായ ഒരുക്കത്തിലായിരിക്കുകയാണ്.എന്നാൽ കറുമ്പിക്കാക്ക മാത്രം വിഷമിച്ച് മരക്കൊമ്പിലിരിക്കുകയാണ്. കാരണം എന്തെന്നോ, ഈ പ്രാവശ്യത്തെ ബ്യൂട്ടി-ഷോമത്സരത്തിൽ താൻ ജയിക്കുമെന്ന് പറഞ്ഞ് അവളുടെ കൂട്ടുകാരി മീനാക്ഷിക്കൊക്കുമായി തർക്കമായി തെറ്റി പിരിഞ്ഞു. അപ്പോഴത്തെ ദേഷ്യത്തിലും വാശിയിലും പറഞ്ഞതാണെങ്കിലും ജയിച്ചില്ലെങ്കിൽ മാനം പോവും എന്ന വിഷമത്തിലാണ് കറുമ്പി മരക്കൊമ്പിലിരിക്കുന്നത്. ഇതു കണ്ടുകൊണ്ട് വന്ന് കറുമ്പിയുടെ ശത്രുവായ കിട്ടുക്കുറുക്കൻ ആ വഴി വന്നത്. പണ്ട് കിട്ടുക്കുറുക്കൻ ഒരു വീട്ടിൽ നിന്ന് കോഴിയെ മോഷ്ടിച്ചപ്പോൾ അത് കണ്ടു നിന്ന കറുമ്പി ശബ്ദവും കോലാഹലവുമായി വീട്ടുകാരെ അറിയിച്ച് അവന് തല്ലുവാങ്ങിക്കൊടുത്തതുമുതൽ തുടങ്ങിയതാണ് ഈ ശത്രുത. അതുകൊണ്ട് തന്നെ കുറുക്കനും കറുമ്പിക്ക് ഒരു പണികൊടുക്കാൻ തീരുമാനിച്ചു. എന്നിട്ട് കറുമ്പിയോട് കിട്ടു ചോദിച്ചു.”എന്താ കറുമ്പി വിഷമിച്ചിരിക്കുന്നത്. എന്താ കാര്യം?” കറുമ്പി തന്റെ ശത്രുവായ കിട്ടുവിനുമാത്രമാണ് എന്നെ കണ്ടിട്ട് കാര്യം ചോദിക്കാൻ തോന്നിയത് എന്നും വിചാരിച്ച് ഉണ്ടായതെല്ലാം കിട്ടുവിനോട് പറഞ്ഞു. ഇതുകേട്ട കിട്ടു പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു.”ഇത്രയെ ഉള്ളൂ, നമ്മുടെ മൂങ്ങവൈദ്യന്റെ അടുത്ത്

ഒരു മരുന്നുണ്ട്. അത് തേച്ചാൽ എത്ര കറുത്തവനും ഒന്നു വെളുക്കും.”
ഇതുകേട്ടപ്പോൾ കറുമ്പി തുള്ളിച്ചാടി. അവൾക്ക് സന്തോഷമായി. കിട്ടു വീണ്ടും പറഞ്ഞു" കറുമ്പി നീ ഇവിടെ ഇരിക്ക് ഞാൻ പോയി മരുന്നു വാങ്ങിവരാം”.അപ്പോഴും ചതി മനസ്സിലാവാതെ കറുമ്പി ചിന്തിച്ചു.

എന്തു പാവമാണ് കിട്ടു, ഞാനവനെ മനസ്സിലാക്കേണ്ടതായിരുന്നു. ഇതേ സമയം കിട്ടു മൂങ്ങവൈദ്യന്റെ അടുത്തു നിന്നും വെളുക്കാനുള്ള മരുന്നിന് പകരം പാണ്ടിനുള്ള മരുന്നാണ് വാങ്ങിയത്. അതുമായി കിട്ടു കറുമ്പിയുടെ അടുത്തേക്ക് ചെന്നു. എന്നിട്ടു പറഞ്ഞു"ഇതാ മരുന്ന്, മത്സരം ജയിക്കുമ്പോൾ എന്നെയും ഓർക്കണം”. കറുമ്പി പറഞ്ഞു"ഒരുപാട് നന്ദിയുണ്ട് ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല”ഇതുകേട്ട് കേട്ട് കൊണ്ട് കിട്ടു മനസ്സിൽ ചിരി അടക്കി പിടിച്ച് നടന്നകന്നു. കറുമ്പിക്കാക്ക മരുന്ന് എടുത്ത് ദേഹമാകെ തേക്കുവാൻ നിൽക്കുമ്പോൾ മീനാക്ഷിക്കൊക്ക് കറുമ്പിയോടെ താൻ പറഞ്ഞതിൽ മാപ്പുചോദിച്ച വരുകയായിരുന്നു. അപ്പോൾ മീനാക്ഷി കറുമ്പിയുടെ കൈയിലെ പാണ്ടിന്റെ മരുന്ന് കണ്ട് പറഞ്ഞു" ഏ കറുമ്പി അത് തേക്കരുത്, അത് പാണ്ടിന്റെ മരുന്നാണ്”. എന്നാൽ കറുമ്പി വിചാരിച്ചു അവൾ ജയിക്കാൻ അടവുകൾ എടുക്കുകയാണെന്ന്. അതുകൊണ്ട് തന്നെ മീനാക്ഷി പറഞ്ഞത് കേൾക്കാതെ അവളെ ആട്ടി ഓടിച്ചു. കറുമ്പി ദേഹമാകെ മരുന്ന് തേച്ചു.

ഒരു ദിവസം കഴിഞ്ഞു മത്സരദിവസം വന്നു. കറുമ്പി എഴുന്നേറ്റു. താൻ വെളുത്തോ എന്ന് നോക്കി. അവൾ ആകെ തളർന്നുപോയി. അവളുടെ ദേഹമാകെ പാണ്ട് വന്നിരിക്കുന്നു. അവൾ ഓർത്തു, മീനാക്ഷി പറഞ്ഞത് കേട്ടാൽ മതിയായിരുന്നു. ഇത് പറഞ്ഞ് അവൾ ഏങ്ങി ഏങ്ങി കരഞ്ഞു.

# ഞാൻ നനയാത്ത മഴ



ഫാത്തിമ തസ്നിം.വി
8 AJ

മാനം കണ്ണീർ ളുകും നാളുകളെത്തി...
തോരാതെ മഴപെയ്യും ദിനങ്ങളെത്തി....
കാർമുകിലെത്തി വാനമിരുണ്ടു..
കണ്ണീർപൊടിയും പോലെ മഴയെത്തി...

ഇമ്മഴവെള്ളത്തിലൊന്നിറങ്ങി,
കാലു നനക്കുവാനായിരുന്നേൽ...
ഈ മഴ തോരുന്നതിനു മുമ്പേ,
മേനി നനക്കുവാനായിരുന്നേൽ..

അമ്മിഞ്ഞപ്പാലൂട്ടിയിത്ര്രയുമാക്കിയ,
അമ്മയ്ക്കുണ്ടോ താൽപര്യം...
ഈ ഉണ്ണിയൊന്നു മഴയത്തിറങ്ങിയാൽ
അമ്മതൻ കണ്ണുകൾ വീർത്തിടില്ലേ...

തോരാമഴയത്തു നിന്നു പെയ്തു,
അങ്ങേ വീട്ടിലുള്ളോരും വന്നു,
മഴ പോലെയെൻ കണ്ണിൽ നിന്നൊരിറ്റു-
കണ്ണുനീർ അറിയാതെ വീണുപോയി...

തവളക്കരച്ചിൽ കേട്ടുപോയ് മെല്ലെ-
എന്നുള്ളിൽ കാക്കകൾ വന്നിരുന്നു...
മെഴുതിരി വെട്ടത്തിലിരുന്നു പഠിക്കാനായ്,
രാത്രിയായപ്പോഴും മഴ നിന്നില്ല..

ഒരു ചെറുപുസ്തകകണ്ടത്തിൽ പാട്ടുകൾ
കുത്തിക്കുറിക്കുന്നു ചേച്ചി മെല്ലെ...
എന്നിഷ്ടങ്ങൾക്കായ് ഞാൻ മുതിർന്നാൽ

അപ്പോഴുമമ്മതൻ കണ്ണുവീർക്കും.

വൈകിനേരത്തു വീട്ടുപടിക്കൽ,
പതുക്കനാമൊരു ശബ്ദം കേട്ടു മെല്ലെ,
ഓടിച്ചെന്നു ഞാൻ വാതിൽ തുറന്നപ്പോൾ,
നീറി നനഞ്ഞതാ അച്ഛൻ...

തോർത്തെടുത്തമ്മ തലയിൽ തഴുകി..
അച്ഛൻ ചെറുപുഞ്ചിരിയോടെ നിൽപായ്..
ഓടി വന്നച്ഛൻ തൻ കൈകളാൽ മെല്ലെ
എൻ കക്ഷത്തിൽ നേർത്ത തണുപ്പതേകി..

ആ മഴതൻ കുളിർ മെല്ലെയെൻ മേനിയിൽ
പൊട്ടിപ്പടർന്നു പിടിക്കയായി...
ആ മഴയിൽ പെയ്തതുള്ളികളെൻ മേനിയിൽ
ആനന്ദനൃത്തച്ചുവടുവച്ചു...

---

## <u>കാൽപാടുകൾ</u>



ആ കാൽപാടുകൾ ആരുടേതാണ്?ജഡ്ജി പ്രതിക്കൂട്ടിലിരിക്കുന്നമാത്യൂസിനോടും ഗോവിന്ദനോടും തുരുതുരാ ചോദ്യങ്ങൾചോദിക്കുന്നു.ഇപ്പോഴും ആദ്യ നിരയിലെ ഇരിപ്പിടത്തിലിരിക്കുന്ന എന്നെ അലട്ടുന്നത് ഒരേയൊരു ചോദ്യം മാത്രമാണ്.

ഫാത്തിമ തസ്നിം.വി
8 AJ

ഒരു നിഴലുപോലെ അതെന്നെ പിന്തുടരുന്നു. ആ കാൽപാടുകൾ ആരുടേതാണ്? ഉത്തരമില്ലാതെക്കിടക്കുന്ന ചോദ്യം. പക്ഷേ, എന്റെ ലക്ഷ്യം ചോദ്യമല്ല, ഉത്തരമാണ്. എനിക്കതിന്റെയൊക്കെ പൊരുൾ കണ്ടെത്തണം.

ജഡ്ജി വെടിയുണ്ടകൾ പോലെ ചോദ്യങ്ങൾ ചോദിക്കയാണ്, വിശുദ്ധനെന്ന് എല്ലാവരും വിശ്വസിക്കുന്ന മാത്യൂസിനോടും ഗോവിന്ദനോടും. എങ്കിലോ, മാത്യൂസിനെ മറിച്ചിട്ടാലേ അടുത്ത പുള്ളിയുടെ പേരുകിട്ടൂ... ഗോവിന്ദൻ, കുടിയനായ,വഞ്ചകനായ ഗോവിന്ദൻ.അപകീർത്തികരമായ മഹാപാപങ്ങളിലൂടെ ജീവിതം നശിപ്പിച്ച ദുഷ്ടൻ. ജയിലിലായിരുന്നു അയാളുടെ പാതി ജീവിതവും. കറുത്ത് കരിവാളിച്ച മുഖം, ചുരുളൻമുടി, നീണ്ടു മെലിഞ്ഞ കണ്ടാൽ തന്നെ ആരിലും ഭീതി പരത്തുന്ന മനുഷ്യൻ... ഇതായിരുന്നു ഗോവിന്ദൻ. പക്ഷേ, മാത്യൂസ് അങ്ങനെയായിരുന്നില്ല.വെളുത്ത, തേജസ് തുളുമ്പുന്ന മുഖം, ഭംഗിയുള്ള സ്വരം, ഒത്തതടി... വേഷമോ വെള്ള കുർത്ത മാത്രം.

ഈ രണ്ടുപേരാണ് ഉത്തരമില്ലാത്ത ചോദ്യമായ് അവശേഷിക്കുന്ന കാൽപാടുകൾക്കു പിന്നിൽ. ഇതിനു പിന്നിൽ ബാഹ്യമായ നിഗൂഢമായ ഒരു സംഭവവുമുണ്ട്. എന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ച വലിയ ഒരു സംഭവം.....

വൈകുന്നേരത്തെ പതിവുനടത്തത്തിനിറങ്ങിയതായിരുന്നു ഞാൻ. നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. മാനത്തുനിന്ന് ഇരുട്ട് ചൂഴ്ന്നിറങ്ങി. എന്നും കൂടെ മീനയും ആലീസും ഉണ്ടാകാറുണ്ട്. അന്ന് അവർ രണ്ട്പേരും വരുന്നത് കണ്ടില്ല. ഒറ്റക്ക്, ഞാൻ നടക്കാൻ തുടങ്ങി. വിഷാദപൂർണ്ണമായ ആ സായാഹ്നത്തിലേക്ക് ഞാൻ വഴുതിവീഴുകയായിരുന്നു. ഒന്നും ഓർക്കാതെ യുള്ള അലസമായ നടത്തം. ഒടുവിൽ, വിജനമായ പ്രദേശത്തു ഞാൻ എത്തിപ്പെട്ടു. റോഡിലൂടെ ഞാൻ നടന്നു കൊണ്ടേയിരുന്നു. അപ്പോഴേക്കും ഇരുട്ട് എല്ലായിടത്തും പരന്നിരുന്നു. പെട്ടെന്ന്, ആരോ ഒരാൾ എന്നെ പിറകിൽ തള്ളി വീഴ്ത്തി. ഭയം കൊണ്ടു കുടെയാകണം, പെട്ടെന്നു തന്നെ ഞാൻ എഴുന്നേറ്റു. ചുറ്റും ആരെയോ പരതിയ എന്റെ കണ്ണുകൾക്ക് ആരെയും കണ്ടെത്താനായില്ല. പിന്നെ വേഗത്തിൽ നടന്നു നീങ്ങാൻ തുടങ്ങി. മെല്ലെ പിറകോട്ട് മുഖം തിരിഞ്ഞു നോക്കിയപ്പോൾ ഒരാൾ എന്നെ പിന്തുടരുന്നതാണ് കാണാനായത്. ഉടനെ തന്നെ ഞാൻ ഓടാൻ തുടങ്ങി.

ഓടിയെത്തിയത് രണ്ടു പീടികകൾക്കിടയിലേക്കാണ്. ഇരുട്ട് അവിടെ ഓളം തല്ലി നടക്കുകയാണ്. പക്ഷേ, പിന്നീടാണ് ഞാനതുശ്രദ്ധിച്ചത്. എന്റെ കൂടെ കൂടിയ ആ മനുഷ്യനെ കാണുന്നില്ല. ചുമരിനോടു ചാരി നിന്നു ഞാൻ നെടുവീർപ്പിട്ടു. പെട്ടെന്നു രണ്ടു ശബ്ദങ്ങൾ എന്റെ ചെവിയിലേക്ക് തുളച്ചു കയറി."ആ പെൺകുട്ടിയുടെ കാര്യമെന്തായി?" "പോയിട്ടുണ്ട്, ആ പെണ്ണിനെ കൊണ്ടുവന്നാൽ ഈ

പെട്ടി മുഴുവൻ അവനാണ്. ഇല്ലെങ്കിൽ അവന്റെ തല പോകുകയും ചെയ്യും. ”ഒരു ഞെട്ടലോടെയാണ് ഞാനത് കേട്ടത്. മാത്യൂസിന്റെയും ഗോവിന്ദന്റെയും ശബ്ദം പോലെ എനിക്കവ തോന്നുകയും ചെയ്തു. പോരാതെ, ഗോവിന്ദനെന്ന ദുഷ്ടന്റെ മുഖം ഞാൻ കാണാനും ഇടയായി. അവരുടെയരികെ ഒരു പ്രകാശം എനിക്കു കാണാനായി.

ചുമരുകളുടെ മറ മാത്രമേ ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നുള്ളൂ. എന്റെ കാലുകൾ മെല്ലെ ചലിച്ചു. നിലത്തുകിടക്കുന്ന എന്തോ ഒരു വസ്തുവിൽ എന്റെ കാലുകളമർന്നു. കൂടെ ശബ്ദവും. പിന്നെ കണ്ടത് ഗോവിന്ദനെയാണ്. എന്നെ കണ്ടതും അയാൾ എന്റെ പിറകെ ഓടാൻ തുടങ്ങി. എന്നെയാണോ അവർക്കാവശ്യം എന്ന സംശയം അതോടെ എന്റെയുള്ളിൽ പടർന്നു. ഒരു വിധത്തിന് ഗോവിന്ദന്റെ കണ്ണുകളിൽ നിന്ന് ഞാൻ രക്ഷപ്പെട്ടു. പിന്നെ വീട്ടിലേക്കു നടത്തമായി.

വീടെത്തി. വീടിന്റെ വാതിൽ പാതി തുറന്നിട്ടിരിക്കുന്നു. ബെല്ലടിച്ചു നോക്കി. ആരും പുറത്തോട്ടു വന്നില്ല. അമ്മയെ വിളിച്ചു, ഒരനക്കവുമില്ല.... പിന്നെ മെല്ലെ ഉള്ളിലോട്ടു കയറിച്ചെന്നു. അനിയൻ എന്റെ അടുത്തേക്കു ഓടി വന്നു. നടന്നതെല്ലാം വിവരിച്ചു. ഒരു നടുക്കത്തോടെയാണ് ഞാനത് കേട്ടത്. എനിക്ക് സംഭവിച്ചതിലേറെ വലുതാണ് വീട്ടിൽ സംഭവിച്ചിരിക്കുന്നത്. വധശ്രമം....!

ആ വലിയ യുദ്ധഭൂമിയിൽ നിന്ന് അനിയൻ രക്ഷപ്പെട്ടിരുന്നു. രക്തത്തിൽ മുങ്ങിക്കിടക്കുന്ന സ്വന്തം മാതാപിതാക്കളെക്കണ്ട് എന്റെ കണ്ണ് നിറഞ്ഞുപോയി. ഉടനെ ആമ്പുലൻസ് വിളിച്ചു. അവരെ ആശുപത്രിയിലെത്തിച്ചു. പോലീസ് വന്നു. വിവരങ്ങൾ ശേഖരിക്കുന്നതോടൊപ്പം എന്റെയും അനിയന്റെയും മൊഴിയെടുത്തു. മീരയും ആലീസും ഉടനെയെത്തി. അച്ഛൻ ഗുരുതരാവസ്ഥയിലാണ്. അതിന്റെ ശേഷമാണ് അമ്മയെക്കുറിച്ചറിഞ്ഞത്.

ഒരു കുടുംബത്തിന്റെ മുഴുവൻ മെഴുകുതിരിപോലെ, ജീവിച്ച അമ്മ, ഈ ലോകത്തു നിന്ന്, ഞങ്ങളുടെ അടുക്കൽ നിന്ന് അമ്മ എന്ന പേരു മാത്രം ബാക്കിവെച്ച് പോവുകയാണ്. എനിക്കെന്തോ, ബോധം മറയുന്ന പോലെ തോന്നി. ഞാനപ്പോഴും ആശുപത്രിയിലോട്ടു പോയിട്ടില്ലായിരുന്നു. പെട്ടെന്നാണ്, ആ കാൽപാടുകൾ എന്റെ ശ്രദ്ധയിൽപ്പെട്ടത്. ചെളിയാൽ നിർമ്മിതമായ കാൽപാടുകൾ. അതാരുടേതാണ്? എന്റെ അമ്മയെ കൊന്നതാരാണ്? ഈ

ഗോവിന്ദനും മാത്യൂസുമൊക്കെതന്നെയാണോ ഇതുംചെയ്തത്? എന്തിനാണ് അവർ ഞങ്ങളുടെ കുടുംബത്തെ തകർക്കുന്നത്?

ജഡ്ജി പ്രതിക്കൂട്ടിലിരിക്കുന്ന മാത്യൂസിനോടും ഗോവിന്ദനോടും തുരുതുരാ ചോദ്യങ്ങൾ ചോദിക്കുന്നു. ഇപ്പോഴും എന്നെ അലട്ടുന്നത് അതേ ചോദ്യം, ആ കാൽപാടുകൾ ആരുടേതാണ്?

## <u>അമ്മ</u>

അറിയാത്ത അക്ഷരം ആദ്യമായി
കാതിൽ അലിവോടു ചൊല്ലിയതമ്മ,
അതു കഴിഞ്ഞുച്ചത്തിൽ ചൊല്ലി-
യതെന്നുടെ കവിളിൽ നൽകിയൊരുമ്മ;
വിദ്യാലയത്തിൻ പടവുകളിൽ
കൈപിടിച്ചുയർത്തിയതമ്മ,
ഒരുപാടറിവുകൾ തലയിൽ കയറ്റുമ്പോൾ
ഒരു സാന്ത്വനമായെന്നമ്മ
വിദ്യാലയജീവിതം വിജയമാക്കീടുവാൻ
മുന്നിലായ് നിൽക്കുമെന്നമ്മ,
ഒരു ദിവസം വന്നാൽ നിറമിഴി-
കളോടെൻ അരികിലായ് നിൽക്കുമെന്നമ്മ;
താങ്ങാണെന്നമ്മ തണലാണെന്നമ്മ,
ജീവിതപാതയിലെ വിളക്കാണെന്നമ്മ,
എന്നും വിജയമന്ത്രമാണെന്നമ്മ,
എന്റെ എല്ലാമെല്ലാമാണെന്നമ്മ.



SREYA .T
9 AC

# കണ്ണ് തുറക്കാതെ



റാഫിയാത്തുന്നിസ
10 AG

“എന്റെ ചേട്ടനെ എനിക്ക് ഒരുപാട് ഇഷ്ടാ, ചേട്ടൻ പഠിക്കുന്നവിട്ത്ത്ന്ന് വന്നാ പിന്നെ വീട്ടിൽ ഉത്സവാ. എന്നെ തോളിലേറ്റി ചന്തക്ക് കൊണ്ട്പോകും. കളിപ്പാട്ടം വാങ്ങിച്ച് തരും, ചക്കര മിഠായിയും മാങ്ങയെല്ലാം ചേട്ടൻ വാങ്ങിച്ച് തരും.പാവാണ് ന്റെ ചേട്ടൻ, എനിക്ക് ഭയങ്കര ഇഷ്ടാ അവനെ ” അമ്മുവിന് അവളുടെ ചേട്ടനെക്കുറിച്ച് പറയാൻ നൂറുനാവാ, സോന ഓർത്തു.

ശരിയാണ്. അമ്മുവിന് അവളുടെ ചേട്ടൻ ജീവനാ. അതുപോലെ തന്നെ അപ്പുവിന് അമ്മുവും. അപ്പുവും അമ്മുവും രാധ ടീച്ചറുടെയും വേണുചേട്ടന്റെയും മക്കളാണ്. വേണുചേട്ടൻ പട്ടാളക്കാരനാണ്. ഈ കുടുംബം വളരെ സന്തോഷത്തോടെയാണ് നീങ്ങുന്നത്. ആ വീട്ടിലെ സ്ഥിരം അതിഥികളായിരുന്ന സന്തോഷവും, സ്നേഹവും. അമ്മു നന്നായി പഠിക്കുന്ന കുട്ടിയാണ്. അവളുടെ പ്രിയക്കൂട്ടുകാരിയാണ് സോന. സോനവും പഠിക്കാൻ മിടുക്കിയാണ്. രണ്ടുപേരും ഇപ്പോൾ അഞ്ചാം ക്ലാസിലാണ് പഠിക്കുന്നത്. LKG മുതലേ അവർ ഒന്നിച്ചാണ് പഠിച്ചതും. രാധ ടീച്ചർ അവർ പഠിക്കുന്ന സ്കൂളിലെ ടീച്ചറാണ്, വിഷയം ഇംഗ്ലീഷ്. സോനവിന്റെ അച്ഛനും അമ്മയും ഡോക്ടേർസ് ആണ്. പക്ഷേ, ഇപ്പോൾ അവർ ഒന്നിച്ചല്ല ജീവിക്കുന്നത്. സോന ഒരൊറ്റ കുട്ടിയാണ്. ഇപ്പോ അവൾ താമസിക്കുന്നത് അവളുടെ ആന്റിയുടെ കൂടെയാണ്.

അമ്മുവിന്റെ സംസാരം എപ്പോഴും അവളുടെ വീടിനെക്കുറിച്ചായിരുന്നു. അവളുടെ വീട് പലപ്പോഴും ഒരു സ്വർഗ്ഗമായിട്ട് സോനവിന് തോന്നിയിട്ടുണ്ട്. കാരണം സോന ഇന്നേവരെ അവളുടെ അച്ഛന്റെയും അമ്മയുടെയും സ്നേഹം അനുഭവിച്ചറിഞ്ഞിട്ടില്ലായിരുന്നു. അതുകൊണ്ട് തന്നെ സോനവിന് പലപ്പോഴും അമ്മുവിനോട് അസൂയവരെ തോന്നീട്ടുണ്ട്. എനിക്ക് ചേട്ടനുണ്ടായിരുന്നെങ്കിൽ, ഞാൻ അടുത്ത ജന്മത്തിലെങ്കിലും ഒന്ന് അമ്മു ആയി ജനിച്ചിരുന്നെങ്കിൽ, എന്നും പല സമയങ്ങളിൽ അവൾ ചിന്തിച്ചിട്ടുമുണ്ട്.

അടുത്ത പിരീഡ് ഇംഗ്ലീഷ് ആണ്. സോനവും അമ്മുവും ബുക്കുകളൊക്കെ

എടുത്ത് വച്ച് ടീച്ചറുടെ വരവിനായി കാത്തു നിന്നു. എന്നാൽ രാധ മിസ്സിന് പകരം വന്നത് മനോജ് സാർ ആയിരുന്നു. മിസ്സ് ഉച്ചക്ക് ശേഷം ലീവാണെന്നും സാർ അറിയിച്ചു. “അമ്മ എവിടെയും പോകുന്ന കാര്യം പറഞ്ഞില്ലല്ലോ?” അമ്മു സോനുവിനോടു പരാതിപ്പെട്ടു. “എന്തെങ്കിലും അത്യാവശ്യകാര്യം ഉണ്ടാകും” സോനു അമ്മുവിനെ സമാധാനിപ്പിച്ചു. അന്ന് ക്ലാസ് കഴിഞ്ഞ് അമ്മു വളരെ വേഗം വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയപ്പോൾ വീട് പൂട്ടിക്കിടക്കുന്നതായി അവൾ കണ്ടു. അവളുടെ കുഞ്ഞ് മനസ്സ് പിടഞ്ഞുപോയി. ഒന്നാമത്തെ കാരണം ഇന്ന് അമ്മ തന്നോട് പറയാതെയാണ് ലീവ് എടുത്തത്. സാധാരണ എന്ത് അത്യാവിശ്യകാര്യമാണെങ്കി-ലും അമ്മ അവളുടെ അടുത്ത് വന്നിട്ടേ പോകാറുള്ളൂ. മാത്രമല്ല, അവൾ സ്കൂൾ വിട്ട് വരുമ്പോൾ വീട്ടിൽ ആരെങ്കിലുമൊക്കെ ഉണ്ടാവും. എന്നാൽ ഇന്ന്...

അവളുടെ കണ്ണുകളിൽ നിന്ന് കണ്ണീർത്തുള്ളികൾ ചാടിക്കൊണ്ടേയിരുന്നു. അവൾ പൊട്ടി പൊട്ടി കരഞ്ഞു. തന്റെ അമ്മക്ക് എന്ത് സംഭവിച്ചു എന്ന വേവലാതി അവളെ കൂടുതൽ സങ്കടത്തിലേക്ക് നയിച്ചു. അപ്പോഴാണ് അവളുടെ വീട്ടിലേക്ക് ഒരു കാർ വന്നത്. മനോജ് സാർ അതിൽ നിന്നും ഓടിവന്നു അവളുടെ കൈപിടിച്ച് കാറിൽ കയറ്റി. കാർ പിന്നീട് നിന്നത് ആശുപത്രി എത്തിയപ്പോഴാണ്. അമ്മുവിന്റെ ഹൃദയം തുടരെ-തുടരെ ഇടിച്ചുകൊണ്ടേ ഇരുന്നു. മനോജ്സാർ അവളെ ICU ന്റെ അടുത്തേക്ക് കൊണ്ടുപോയി. അവിടെ ഉണ്ട് അവളുടെ അച്ഛനും അമ്മയും തളർന്ന അവസ്ഥയിൽ ഇരിക്കുന്നു. അമ്മയെ കണ്ടതും അമ്മു അമ്മയുടെ അടുത്തേക്ക് ഓടി. അമ്മ അമ്മുവിനെ കണ്ടതും. “മോളെ,......... നമ്മുടെ ചേട്ടൻ.....”

രാധ ടീച്ചർ പൊട്ടി പൊട്ടി കരഞ്ഞു. ഒന്നും മനസ്സിലാവാതെ അമ്മു ചോദിച്ചു. “അമ്മേ, അമ്മേ, ചേട്ടൻ എവിടെ. എനിക്ക് ഇപ്പം ചേട്ടനെ കാണണം. അമ്മേ ചേട്ടൻ എവിടെ, അമ്മ എന്തിനാ കരയ്ണത്. നമ്മൾ എന്തിനാ ഇങ്ങോട്ട് വന്നത്. പറ അച്ഛാ, നമ്മൾ എന്തിനാ ഇങ്ങട്ട് വന്നത്, എന്തിനാ അച്ഛാ, അമ്മ കരയ്ണത്. അപ്പുചേട്ടൻ എവിടെ അച്ഛാ.ൻക്ക് പ്പത്തന്നെ ചേട്ടനെ കാണണം.”

ഇതുകൂടിയായപ്പോൾ വേണുവേട്ടന്റെ നിയന്ത്രണവും ആകെ വിട്ടു.

“ മോളേ, അവൻ പോയടി നമ്മളെ വിട്ടിട്ട്, അവൻ പോയി. ഇനി ഒരിക്കലും തിരിച്ച് വരാനാവാത്ത സ്ഥലത്തേക്ക്”

അച്ഛൻ പറഞ്ഞതൊന്നും അവൾക്ക് മനസ്സിലായില്ലെങ്കിലും നാലു ചക്രങ്ങളാൽ ഉരുണ്ടുവരുന്ന ആ കട്ടിലിലേക്ക് അവൾ നോക്കി. അവൾ കണ്ടു, ആ കട്ടിലിൽ വെള്ളത്തുണി പുതച്ച് ചേട്ടൻ കിടക്കുന്നത്. അവൾ ഓടി പോയി ചേട്ടനെ വിളിച്ചു, പക്ഷേ അമ്മു വിളിച്ചിട്ടും അവൻ കണ്ണു തുറന്നില്ല.

## ദൈവത്തിന്റെ കളി



RAFIATHUNNISA
10 AG

അത്യുഷ്ണമാം വെയിലേറ്റുവാടിയ
പുൽക്കൊടിയെ കണ്ടുഞാൻ,
ക്ഷീണിച്ച് അവശരായി വെള്ളക്കുടവുമേന്തി
പോകും തരുണീമണികളെ കണ്ടു ഞാൻ,
വെള്ളത്തിനായുള്ള അവരുടെ കശപിശയും
കേട്ടുഞാൻ
എല്ലാം കണ്ടും കേട്ടും ചടഞ്ഞിരുന്നു
ഞാൻ ഉമ്മറകോലായിയിൽ
അങ്ങനെയങ്ങു ദിനങ്ങൾ നീങ്ങി
വെയിൽ മങ്ങി മേഘവും കറുത്തു, മഴയും തുടങ്ങി.
തിരിമുറിയാതെ ഇറ്റിറ്റി വീഴുന്ന
വെള്ളത്തുള്ളിയുടെ കശപിശയും കേട്ടു ഞാൻ.
വെള്ളം പൊങ്ങി വന്നപ്പോൾ
നാരികൾ തൻ ശാപവാക്കും കേട്ടുഞാൻ.


## ഞാൻ മാത്രം



രഹന.എ.വി
8 H

രാവിലെ അപ്പുറത്തെ മുറിയിലെ അലാറത്തിന്റെ നിലവിളി കേട്ടാണ് ലക്ഷ്മിയമ്മ ഉണർന്നത്. പരുപരുത്ത ആ കട്ടിലിൽ നിന്നും തറയിൽ കാലുവയ്ക്കാൻ അവൾ മടിച്ചു. എങ്കിലും കാലുകൾ അമർത്തിച്ചവിട്ടി തറയിലൂടെ അവർ നടന്നു.

തണുപ്പടിക്കാതിരിക്കാനായ് അവർ അകത്ത് ചെരിപ്പുപയോഗിക്കാറില്ല. കാരണം മണ്ണിൽ ചവിട്ടിനടക്കാൻ കഴിഞ്ഞില്ലെങ്കിലും തറയിലൂടെ നടക്കാമല്ലോ? പക്ഷേ പഴയ വീടുപോലെയല്ല, ഈ ഫ്ലാറ്റിലെ ' ടൈൽസ് ' പതിച്ച തറയിലൂടെ നടക്കാൻ അവർക്ക് ഇഷ്ടക്കുറവാണ്. കുറച്ച് ദിവസങ്ങളായി അവൾക്ക് ഉറക്കക്കുറവാണ്, തനിക്കുമേൽ എന്തോ ഇരുട്ട് മൂടിയതു പോലെ....
പേരക്കുട്ടികളെല്ലാം കുറച്ച് കഴിഞ്ഞപ്പോൾ സ്കൂൾവണ്ടിയിൽ കയറി കൈവീശി കാണിച്ച് കൊണ്ട് യാത്രയായി. എഴുന്നേറ്റ് വന്ന സോഫയിൽ മൊബൈലിൽ നോക്കിയിരിക്കുന്ന തന്റെ മകനോട് ലക്ഷ്മിയമ്മ ചോദിച്ചു:- "മോനേ ഹരീ.... ഇന്ന് ഓഫീസില്ലേടാ?"- ഫോണിൽ നിന്ന് കണ്ണെടുക്കാതെ ഹരി തലകുലുക്കി. പിന്നെ ആ അമ്മ ഒന്നും ചോദിച്ചില്ല. തന്നോട് സംസാരിക്കാൻ പോലും അവനിന്നു സമയമില്ല.



അവൾ അടുക്കളയിലേക്കു ചെന്നു. "മോളേ... " എന്ന് തന്റെ മരുമകളെ വിളിച്ചപ്പോൾ അവൾ പറഞ്ഞു. "അമ്മ എന്തിനാ ഇങ്ങോട്ട് വന്നത്, പാത്രങ്ങളൊക്കെ തട്ടിമറിച്ചിടാനാണോ? ഒന്നും വേണ്ട, അവിടെയെങ്ങാനും പോയിരുന്നാൽ മതി. വേണ്ടതെല്ലാം അങ്ങോട്ടെത്തിച്ചുതരാം". ലക്ഷ്മിയമ്മയ്ക്ക് കൂടുതൽ ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. കൂടുതൽ സമയം അവിടെ നിൽക്കാനുള്ള ശക്തി അവൾക്കില്ലായിരുന്നു. അവൾ തന്റെ മുറിയിലെത്തി. രമ്യ പറഞ്ഞത് എത്ര ശരിയാണ്. അവൾ ഓർത്തു. ഇന്ന് തന്റെ പേരക്കുട്ടികൾക്കൊപ്പം ഇരുന്നു ആഹാരം കഴിക്കാൻ പോലും അവൾക്ക് സ്വാതന്ത്ര്യവും അവകാശവുമില്ല. തന്റെ ചുമയും കുരയും അവരെ ബുദ്ധിമുട്ടിക്കുന്നു. അവർക്ക് ഒന്നിനും സമയവുമില്ലല്ലോ. മുറിയിലെ ജനാലയിലൂടെ അവർ പുറത്തേക്ക് നോക്കി. ആസ്വദിക്കാൻ പറ്റിയ ഒന്നും ലക്ഷ്മിയമ്മ കണ്ടില്ല. ഈ 'ഫ്ലാറ്റ് ജീവിതം' അവരെ മുഷിപ്പിക്കുന്നുമുണ്ട്. 'ഒരു വലിയ കെട്ടിടത്തിന്റെ പല നിരകളിൽ പല മുറികളിലായ് കുറേ മനുഷ്യർ പരസ്പരം പരിചയപ്പെടാതെയും പുഞ്ചിരിക്കാതെയും കഴിയുന്നു'. എന്നാണ് ഫ്ലാറ്റ് ജീവിതത്തെ കുറിച്ച് അവർക്ക് തോന്നിയത്. കഴിഞ്ഞുപോയ തന്റെ നാട്ടിലെ ആ ജീവിതം അത് അവരുടെ മനസ്സിനെ മരവിപ്പിക്കുന്നു. അവൾ ആ നാളുകളെ ഓർക്കാനിഷ്ടപ്പെടുന്നു. ആ പഴയ വീടിനു ചുറ്റും തെങ്ങും, ചെടികളുമെല്ലാം നിറഞ്ഞ പറമ്പുകൾ. പവയ തറവാടായിരുന്നു ആ വീട്, വലിയ ഐശ്വര്യമുള്ളൊരു വീട്. കുറച്ചപ്പുറത്ത് പച്ചപുതപ്പിച്ച പാടങ്ങൾ.

അപ്പുറത്തെ വീട്ടിലെ കദീജയും, നാരായണിയമ്മയുമെല്ലാം ഇടയ്ക്കിടെ കുശലം അന്വേഷിച്ച് വരും. മനസ്സിനെ തണുപ്പിക്കുന്ന കുളിരുപകരുന്ന ജീവിതമായിരുന്നത്. പക്ഷേ ഒരു ദിവസം പെട്ടെന്ന് ഹരി വന്നു പറഞ്ഞു. "അമ്മേ നമുക്ക് ഈ വീടും പറമ്പുമൊക്കെ വിറ്റിട്ട് നഗരത്തിൽ ഒരു ഫ്ലാറ്റിൽ പോകാമെന്നാണ് എന്റെയും രമ്യയുടെയും അഭിപ്രായം. അമ്മയെന്തു പറയുന്നു?"- "മോനേ അച്ഛനുറങ്ങുന്ന ഈ മണ്ണു വിട്ട്...." "അമ്മേ എല്ലാവരുടെയും ഭാവിയ്ക്കു വേണ്ടിയാണിത്." പിന്നെ അവരൊന്നും പറഞ്ഞില്ല. പിന്നെ കുറച്ച് നിമിഷങ്ങൾക്ക് ശേഷം ഹരി പറഞ്ഞു. "അമ്മയ്ക്ക് ഇഷ്ടമല്ലെങ്കിൽ കൂടെ വരണ്ട. അമ്മ ഈ മണ്ണും കെട്ടിപിടിച്ചിരുന്നോ?"- അമ്മയുടെ കണ്ണുകൾ നിറഞ്ഞു. അവൾ പറഞ്ഞു. "വേണ്ട നമുക്ക് പോകാം..."

---

## സൗഹൃദം



ശ്രേയ.ടി

9 AC

സൗഹൃദം എന്ന മഹാനഗരത്തിൽ
വന്നുചേർന്ന എനിക്കായ് മാത്രം
ഒരുപാട് ആനന്ദത്തോടെ
ആസ്വദിച്ച ഈ നാളുകൾ
തെളിവാർന്ന മാനത്തെ, താരങ്ങളെ പോലെ
ഓർമ്മക്കായ് ഒരുപാട്
നിറക്കൂട്ട് പകർന്ന എന്റെ സ്നേഹിത
സ്നേഹിച്ച ഞങ്ങൾ മറ്റൊന്നുമറിയാതെ
പാറി കളിച്ച നടന്ന പുതിയ ആരാമത്തിൽ
ഒരിക്കൽ ഞങ്ങൾ പൂമ്പാറ്റകളായി
പിന്നൊരിക്കൽ ഞങ്ങൾ പറവകളായി
പങ്കുവെച്ച ഒരുപാട് ഓർമ്മകൾ
മറക്കാൻ കഴിയാത്ത സ്വപ്നങ്ങളെ
പോലെ ഞാനെന്റെ മനസ്സിൽ താളിൽ
കുറിച്ചിട്ട ഈ ഓർമ്മകളെല്ലാം




# കഥയും പൊരുളും

നയന കെ.പി

അന്ന് കടൽത്തീരത്തായിരുന്നു യേശുദേവൻ പ്രസംഗത്തിനായെത്തിയത്. ഒരു വഞ്ചി നീക്കിയിട്ട് അതിൽമേലിരുന്ന് യേശു പറയാൻ തുടങ്ങി.”ഒരിക്കൽ ഒരു കർഷകൻ തന്റെ പാടത്ത് വിത്തു വിതയ്ക്കാൻ ആയി പുറപ്പെട്ടു. പോകുമ്പോൾ വിത്തുകളിൽ ചിലത് വഴിയരികിൽ വീണു. പക്ഷികൾ വന്ന് അവ തിന്നു. കുറച്ച് വിത്തുകൾ മണ്ണ് അധികമില്ലാത്ത പാറപ്പുറത്ത് വീണു. അവ മുളച്ചെങ്കിലും വെയിലത്ത് വാടിപ്പോയി. ഇനിയും ചില വിത്തുകൾ നല്ല മണ്ണിൽ വീണിരുന്നു. കൊയ്തപ്പോൾ നല്ല വിളവ് കിട്ടുകയും ചെയ്തു.”

യേശു കഥ നിർത്തി. ശിഷ്യന്മാർക്ക് കഥയുടെ പൊരുൾ പിടികിട്ടിയില്ല. പത്രോസ് എന്ന ശിഷ്യൻ യേശുവിനോടു ചോദിച്ചു. വ"അങ്ങ് പറഞ്ഞ കഥയുടെ അർത്ഥം എനിക്ക് വിശദീകരിച്ചു തരാമോ?”

യേശു പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. “കഥയിൽ പറഞ്ഞ വിത്തുകൾ വീണിടങ്ങൾ പോലെയാണ് നമ്മുടെ മനസ്സും. നല്ല കാര്യങ്ങൾ കേൾക്കുമ്പോൾ ചിലർ അപ്പോൾ തന്നെ അതു മറക്കും. മറ്റു ചിലരാകട്ടെ അത് സന്തോഷത്തോടെ സ്വീകരിക്കും. പക്ഷേ പ്രാവർത്തികമാക്കില്ല. എന്നാൽ വേറെ ചിലർ മനസ്സിലെ നല്ല കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ജീവിതവിജയം നേടുകയും ചെയ്യും.” യേശു പറഞ്ഞു നിർത്തി. അദ്ധേഹം പറഞ്ഞതിന്റെ പൊരുൾ എല്ലാവർക്കും മനസ്സിലായി.



# മാതൃഭൂമി



വിനയ കെ.ടി
10 Z

എക്കാലത്തും സംരക്ഷിച്ച
കൊണ്ടിരിക്കുന്ന മാതൃഭൂമി
എപ്പോഴും വാത്സല്യം പൊഴിയുന്ന
മാതൃഭൂമി
എന്നാൽ ഇപ്പോൾ എന്ത്
സംഭവിച്ചിരിക്കുന്നു?
സംരക്ഷിച്ച കൊണ്ടിരിക്കുന്ന
മാതൃഭൂമി നശിച്ചുകൊണ്ടിരിക്കുന്നു.
അല്ല, നാം നശിപ്പിച്ച കൊണ്ടിരിക്കുന്നു.
ജലാശയങ്ങളാലും പക്ഷിമൃഗാദികളാലും
വർണാഭമായിരുന്ന പ്രകൃതിയെ
മനുഷ്യരായ നാം നശിപ്പിച്ചിരിക്കുന്നു!
എന്തിനാണ് ഈ ക്രൂരത.
പ്രകൃതി നമ്മോട് എന്ത് ചെയ്തു.
ചിന്തിക്കൂ... മനുഷ്യരെ,
നാം ഓരോരുത്തരും ചിന്തിക്കൂ....



# മുക്കിലപീടിക

അനന്യ എം.ജെ
10 E

ണിം.ണിം... ബസ്സിന്റെ ബല്ലടിശബ്ദം ഉയർന്നു. മുക്കിലപ്പീടിക സ്റ്റോപ്പിൽ ബസ്സ് നിന്നു. "കോയാക്കാ ഇങ്ങള് വര്ന്ണ്ടാ..."

ക്ലീനർ സേതുവിന്റെ ചോദ്യത്തിന് മറുപടിയായി കോയാക്കാന്റെ പരുക്കൻ ശബ്ദം. "ഈ വെറ്റിലക്കെട്ടൊന്ന് കേറ്റിക്കോട്ടെ, അന്റൊരു ധൃതി" ഇതുപറഞ്ഞ് വെറ്റിലക്കെട്ട് ഉരുട്ടി സീറ്റിനടിയിലേക്കിട്ടു. എന്നിട്ട് പോട്ടെ... പോട്ടെ.. എന്നും പറഞ്ഞു കോയാക്ക പുറക് വശത്ത് സീറ്റ് ഉറപ്പിച്ചു.

മുക്കിലപീടികയിൽ നിന്ന് രണ്ട് സ്റ്റോപ്പ് കഴിഞ്ഞാൽ താഴത്തങ്ങാടിയായി. അങ്ങോട്ടേക്കാണ് കോയാക്ക ഈ വെറ്റിലയുമായി പോകുന്നത്. കാലങ്ങളായിട്ടുള്ള യാത്രയാണ്. തന്റെ അടുത്തിരിക്കുന്നയാളെ കോയാക്ക ഒന്നു നോക്കി. അയാൾ കോയാക്കയുടെ നോട്ടവും ഭാവവും ഇഷ്ടപ്പെടാത്ത മട്ടിൽ പുറത്തേക്ക് നോക്കിയിരുന്നു. 'ടിക്കറ്റ്... ടിക്കറ്റ്' സേതു ടിക്കറ്റിനായി കോയാക്കയുടെ അടുത്തെത്തി. "സേതു കായി നാളെ തരാം, ചില്ലറ ഇല്ല" കോയാക്ക സ്ഥിരം യാത്രക്കാരനായതുകൊണ്ട് സേതു ഒന്നും മിണ്ടിയില്ല. വെറ്റിലക്കെട്ട് താഴത്തങ്ങാടിയിൽ കൊടുത്ത് തിരിച്ച് മുക്കിലപ്പീടികയിൽ തന്നെ കോയാക്ക വന്നിറങ്ങി. നേരെ നടന്നു മമ്മദിന്റെ ചായക്കടയിലേക്ക്. "മമ്മദേ ഒരു ചായങ്ങ് കാട്ടിക്കാ" ചായ മുന്നിൽ കൊണ്ടു വച്ചതും കോയാക്കന്റെ നർമ്മം കലർന്ന ചോദ്യം. "ഇഞ്ഞ് ഇതില് പാൽപ്പൊടിക്കുപകരം സോപ്പുപൊടിയെങ്ങാനും ഇട്ടോ? പകുതി മുക്കാലും പത കണ്ടോണ്ട് ചോദിച്ചതാ." ഇത് കേട്ടപ്പോൾ മമ്മദും വിട്ടില്ല. "പതയില്ലാത്ത ചായമേണേങ്കേ അന്റെ പെരേപോയി കുടിച്ചോ. ഇമ്മള ചായ കുടിക്കേണ്ട ഇയ്യ്". അല്ല പിന്നെ. മമ്മദിനെ ചൂട് പിടിപ്പിക്കാൻ കോയാക്കാക്ക് നല്ല ഇഷ്ടമാണ്. ഇങ്ങനെ ഒക്കെ ആണെങ്കിലും രണ്ടു പേർക്കും

തമ്മിൽ വല്യ കാര്യാണ്. വെറ്റില കച്ചോടവും ചില്ലറ കന്നകച്ചോടവുമായി കോയാക്ക കഴിഞ്ഞുകൂടുന്നു. ഹോട്ടലിൽ നിന്നുകിട്ടുന്ന വരുമാനവും കൊണ്ട് അല്ലലില്ലാതെ മമ്മദും കഴിഞ്ഞുകൂടുന്നു. രണ്ടുപേരുടേയും വീട് അടുത്താണ്. "മമ്മദേ ഞാൻ പെരേൽക്ക് പോവാണ്. അന്റെ പെരേൽക്ക് മീൻ മേങ്ങണോ?" ഇത്തിരി ന്റെ പെരേൽക്കും മാങ്ങിക്കോളി. മമ്മദിന്റെ മറുപടി. ചായപ്പീടികയിൽ നിന്നും തൊട്ടടുത്ത മുജീബിന്റെ മീൻ കടയിലേക്കാണ്.

മത്തി മുജീബേ 20 ഉറുപ്യക്ക് മത്തി രണ്ട് പൊതീല് കാട്ടിക്കാ. ഇത് കേട്ടതും മുജീബിന് കലി കയറി. "ഞാൻ പലവട്ടം പറഞ്ഞ്ക്ക്ണ് ഇന്റെ പേര് മത്തി മുജീബല്ലാന്ന്". "അയിന് അന്റെ കയ്യില് മത്തി അല്ലാതെ വേറെ എത് മീനാള്ളത്". ഇത് കേട്ട മുജീബ് ശൗര്യത്തോടെ 'ങ്ഉം' എന്ന് പറഞ്ഞ് മുഖം തിരിച്ചു. കോയാക്ക മീൻ പൊതിയുമായി വീട്ടിലേക്കു നീങ്ങി. കാലം കഴിഞ്ഞുപോയി. മുക്കിലപ്പീടികയുടെ അവസ്ഥ മാറി. സൂപ്പർമാർക്കറ്റും സ്റ്റേഷനറികളും അങ്ങനെ മൊത്തത്തിൽ അടിപൊളി സെറ്റപ്പിലാണ് ഇന്ന് മുക്കിലപ്പീടിക. കോയാക്കയും മമ്മദും എന്നേ മൺമറഞ്ഞു. എന്നാലും കോയാക്കയെ ഓർമ്മിക്കാൻ ഇന്നവിടെ കോയ സ്മാരക ബസ് വെയിറ്റിംഗ് ഷഡുണ്ട്. മമ്മദിന്റെ ചായക്കടയുടെ സ്ഥാനത്ത് മമ്മദിന്റെ പേരക്കുട്ടിയായ നവാസിന്റെ നക്ഷത്ര ഹോട്ടൽ തലയുയർത്തിനിൽക്കുന്നു. ബസ് കാത്തുനിൽക്കുമ്പോൾ മുറുക്കിച്ചുവപ്പിച്ച് കൈയിൽ കുറ്റിബീഡിയും തലയിൽ വെറ്റിലക്കെട്ടുമായി കോയാക്ക അടുത്തു നിൽക്കുന്ന പ്രതീതി ഇന്നും ഇന്നും അവിടുത്തെ നാട്ടുകാർക്കുണ്ടാകാറുണ്ട്. സദ്യ കഴിഞ്ഞ് നാലും കൂട്ടിമുറുക്കുമ്പോൾ ആരും കോയാക്കയെ മറക്കാതെ പോകാറില്ല.

# പ്രകൃതിയുടെ മായാലോകത്തേക്ക്



ഫാത്തിമ സന
8 A

പ്രകൃതി ഭംഗിയാൽ യാത്രക്കാരെ ഏറെ ആകർഷിച്ച പ്രദേശമാണ് ഊട്ടി. അവിടേക്കു തന്നെയായിരുന്നു ഞങ്ങളുടെ യാത്ര. ആദ്യം ഞങ്ങൾ പോയത് യൂകാലിപ്സിന്റെ കൂറ്റൻ മരങ്ങൾക്കിടയിലേക്കാണ്.

റോഡിൻ ഇരുവശത്തും ആകാശത്തെ ചുംബിക്കുന്ന മരങ്ങൾ. നോക്കെത്താ ദൂരത്ത് ഒരേ നിരയിൽ നിൽക്കുന്ന അവ കാഴ്ചക്ക് കൂടുതൽ സൗന്ദര്യം നൽകി. അവിടെ നിന്ന് ഞങ്ങൾ പുറപ്പെട്ടു. എസ്. കെ പൊറ്റക്കാടിന്റെ 'കാപ്പിരികളുടെ നാട്ടിൽ' എന്ന നോവലിൽ ആപൽക്കരമായ മുനമ്പിനെക്കുറിച്ച് പറയുന്നുണ്ട്. അതു പോലൊരു മുനമ്പിലേക്കായിരുന്നു ഞങ്ങളുടെ അടുത്ത ലക്ഷ്യം. മഞ്ഞുമൂടിയ വഴികളിലൂടെ നടന്ന് ഞങ്ങൾ ലക്ഷ്യസ്ഥാനത്തെത്തി. അവിടെ നിന്നും ഊട്ടി നഗരം മുഴുവൻ കാണാമെന്ന് കൂടെയുണ്ടായിരുന്ന ഗൈഡ് പറഞ്ഞിരുന്നു. പക്ഷേ മഞ്ഞ് കാരണം അത് ഞങ്ങളിൽ നിന്നും അപ്രത്യക്ഷമായി. താഴ്ചയിലേക്കുള്ള പേടിപ്പെടുത്തുന്ന ആ മുനമ്പ് ഏറെ വിസ്മയിപ്പിച്ചു. വൈവിധ്യമാർന്ന പൂക്കളുടെ റോസ് ഗാർഡനും ഊട്ടിക്ക് മാത്രമുള്ള പ്രത്യേക സൗന്ദര്യമാണ്. പൂന്തോട്ടത്തിനുള്ളിൽ അതിമനോഹരമായി അലങ്കരിച്ചിരുന്നു. അവിടെ വച്ച് കുറേയേറെ ഫോട്ടോസും എടുത്തു. ഇന്നത്തെ കാലത്ത് ഫോട്ടോസിനാണല്ലോ പ്രാധാന്യം. ഡിസംബർ മാസത്തിൽ ഊട്ടിയിൽ റോസ് പൂവുകൊണ്ടുള്ള ഫ്ലവർഷോ ഉണ്ടാകും. പക്ഷേ ഞങ്ങളിത്തിരി നേരത്തെയായിപ്പോയി.

ഇരുട്ടു മൂടിയ രാത്രിയിൽ മഞ്ഞു കട്ടകളെ തള്ളിമാറ്റി ഊട്ടിയോട് വിടപറഞ്ഞു കൊണ്ട് ഞങ്ങൾ മെല്ലെ നീങ്ങി. ഊട്ടിയിലെ പൂക്കളുടെ വൈവിധ്യവും കാഴ്ചകളെ അപ്രത്യക്ഷമാക്കുന്ന മഞ്ഞും ആരെയും ആകർഷിപ്പിക്കുന്ന പ്രകൃതി സൗന്ദര്യവും ഊട്ടിയിലെ ഏതൊരു യാത്രക്കാരനും മറക്കാൻ പറ്റാത്ത അനുഭവമായിരിക്കും.



ശ്രേയ .ടി

IX-AC


## മഞ്ഞുകാലം

നിശബ്ദതയുടെ മറവിൽ
ഞാൻ ഏകാന്തയായ് ഇരിക്കവെ
എൻ അധരങ്ങളെ ചുംബിച്ചുകൊണ്ട്
നിഹാരബിന്ദുപോലെ വന്നെത്തി ആ
മഞ്ഞുകാലം മനം കുത്തും, പക്ഷേ
വെൺതിങ്കൾ പോലെൻ മനം
തുടിച്ചു..., അവനായ് കാത്തിരുന്ന ഓരോ
നിമിഷവും പടിവാതിലിൽ ഇരിക്കവേ,
ചാരുതയാർന്ന ഓരോ മഞ്ഞുതുള്ളിയെ നോക്കി
അതിലെവിടെയോ അവന്റെ മുഖം ഞാൻ കണ്ടു
ദ്വാപരങ്ങൾ ചാരവേ,
വെൺതിങ്കളെന്നെ നോക്കി കണ്ണു ചിമ്മി
എകിലും എൻ ഹൃദയമാം കവാടം
ഞാൻ അവനായ് തുറന്നിട്ടു.......
മഞ്ഞുകാലം വിശ്രമിചെങ്കിലും എന്നിലെ
മഞ്ഞുകാലം അവനായ് പൊഴിഞ്ഞുകൊണ്ടിരുന്നു

---

## ജീവചരിത്രക്കുറിപ്പ്:-

### വൈക്കം മുഹമ്മദ് ബഷീർ:-(1908-1994)



പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയും 'ബേപ്പൂർ സുൽത്താൻ' എന്ന വിളിക്കപ്പെട്ടുന്ന വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തെ തലയോലപ്പറമ്പിൽ ജനിച്ചു. 1930 ൽ കോഴിക്കോട്ട് ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. 'ഉജ്ജീവനം' എന്ന പത്രത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ്

ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. ഒമ്പതുവർഷത്തോളം നീണ്ട ഈ യാത്രകളിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു. പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

<u>പ്രധാന കൃതികൾ</u>:- പ്രേമലേഖനം, ബാല്യകാലസഖി, മതിലുകൾ, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, ശബ്ദങ്ങൾ, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, വിഡ്ഢികളുടെ സ്വർഗം, മുച്ചീട്ടുകളിക്കാരന്റെ മകൾ, ജന്മദിനം, ഓർമ്മക്കുറിപ്പ്, അനർഘനിമിഷം, ഭൂമിയുടെ അവകാശികൾ, ആനപ്പൂട, കഥാബീജം, നൂറു രൂപാ നോട്ട്, ചിരിക്കുന്ന മരപ്പാവ.

---

## <u>തുഞ്ചത്തെഴുത്തച്ഛൻ</u>:-



16-ാം നൂറ്റാണ്ടാണ് ജീവിതകാലം, മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് ജന്മസ്ഥലമെന്ന് കരുതുന്നു. മലയാള ഭാഷാപിതാവ് എന്ന് വിശേഷിക്കപ്പെടുന്നു. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് തികച്ചും മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ചു.

ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിക്കുക എന്ന ചരിത്ര ദൗത്യമാണ് എഴുത്തച്ഛൻ നിർവഹിച്ചത്. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് പ്രധാന കൃതികൾ.

## ലളിതാംബിക അന്തർജനം:-



മലയാളത്തിലെ പ്രമുഖ കഥാകാരി. കൊട്ടാരക്കരയിലെ കോട്ടവട്ടത്ത് ജനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. പ്രധാന കൃതികൾ:- തകർന്ന തലമുറ, കിളിവാതിലിലൂടെ, കാലത്തിന്റെ ഏടുകൾ, വിശ്വരൂപം, കണ്ണീരിന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, സത്യത്തിന്റെ സ്വരം, ഇഷ്ടദേവത, പവിത്ര മോതിരം, ഓണക്കാഴ്ച, ഭാവ ദീപ്തി, സീത മുതൽ സത്യവതി വരെ.

---

## <u>കുമാരനാശാൻ</u>:-(1873-1924)



ആധുനിക മഹാ കവിയത്രത്തിൽ ഒരാൾ.
തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽ നിന്ന് വ്യത്യസ്തമായ കവനരീതി പ്രദർശിപ്പിച്ചു കൊണ്ട് മലയാള കവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ. ശ്രീനാരായണഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ എസ്.എൻ.ഡി.പി യോഗം സെക്രട്ടറി എന്ന നിലയിൽ സമൂഹപരിഷ്കരണ പ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു. ഇംഗ്ലീഷ് ഭാഷയിൽ പാണ്ഡിത്യമുണ്ടായിരുന്നു.
<u>പ്രധാനകൃതികൾ</u>:-വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ, പുഷ്പവാടി, മണിമാല, വനമാല, സ്തോത്രകൃതികൾ(കവിതാസമാഹാരങ്ങൾ), ബാലരാമായണം, ശ്രീബുദ്ധചരിതം(കാവ്യങ്ങൾ), സൗന്ദര്യലഹരി,(വിവർത്തനം), വിചിത്ര വിജയം, പ്രബോധചന്ദ്രോദയം(നാടകങ്ങൾ)

---

# കാലം



അയാൾ  ആ ചില്ലുവാതിലിലൂടെ എത്തിനോക്കുകയാണ്. അകത്തുനിന്ന് നേഴ്സ് വന്ന് അയാളോട് ആക്രോശിച്ചു "ഇവിടെ വന്നിങ്ങനെ നോക്കിനിന്നിട്ട് കാര്യല്ല്യ, നിങ്ങടെ


അമിയ ലെനിൻ

8 O


ടോക്കൺ വിളിക്കും അപ്പൊ വന്നാൽ മതി". അയാൾ മെല്ലെ മെല്ലെ ഒരു ഇരിപ്പിടത്തിലേക്കിരുന്നു. അടുത്ത് ക്ഷീണിച്ച് തളർന്ന ഒരു വൃദ്ധയായ സ്ത്രീ എന്താ, നമ്പറ് വിളിച്ചില്ല്യേ? ഇപ്പൊ വിളിക്കും നീ ഇരുന്നോ. അയാൾ മറുപടി പറഞ്ഞു. അയാൾക്കും പ്രായം വളരെ കടന്നിരിക്കുന്നു. വയ്യാത്ത തന്റെ ഭാര്യയെ ഡോക്ടറെ കാണിക്കാൻ കാത്തിരിക്കുകയാണ് പാവം.

തല ചുമരിലേക്ക് ചാരിവെച്ച് കണ്ണുകൾ മെല്ലെ പൂട്ടി അയാൾ മയക്കത്തിലേക്ക് ചാഞ്ഞു. അദ്ദേഹത്തിന്റെ മയക്കത്തിനിടെ പഴയകാലം കയറിവന്നു. വിവാഹം കഴിഞ്ഞ് താനൊരു അച്ഛനായതും അവനെ തങ്ങൾ പൊന്നുപോലെ നോക്കിയതുമെല്ലാം. കഷ്ടപ്പെട്ട് പഠിപ്പിച്ച് കൈയ്യിലുള്ളതെല്ലാം വിറ്റ് ഒരു നല്ല ഡോക്ടറാക്കി മാറ്റി. അവനെ സ്റ്റാറ്റസ്സിനു ചേർന്ന ഒരു നല്ല കുടുംബത്തിൽ നിന്ന് കല്ല്യാണവും കഴിപ്പിച്ചു. കുറച്ചു കാലം കഴിഞ്ഞപ്പൊ മകനും മരുമകൾക്കും വല്ലാത്തൊരു മാറ്റം. ആ മാറ്റം അവരെ എത്തിച്ചത് ഒരു വൃദ്ധസദനത്തിലാണ്. ഇരുണ്ട മുറികളിൽ ചിരിക്കാൻ കഴിയാതെ ഉരിയാടാൻ കഴിയാതെ ഉച്ചത്തിൽ അലറി കരയാൻ കഴിയാതെ ഒരു പാട് വർഷങ്ങൾ...

“ടോക്കൺ35” പെട്ടെന്നൊരു വിളി മയക്കത്തിൽ നിന്ന് അയാളെ വിളിച്ചുണർത്തി. കസേരകൈയ്യിൽ കൈക്കുത്തി മെല്ലെ എഴുന്നേറ്റ് ഭാര്യയെ കൈപിടിച്ച് എഴുന്നേൽപ്പിച്ച് അദ്ദേഹം ചില്ലുവാതിൽ ഉന്തിത്തുറന്ന് അകത്തേക്ക് കയറി. ഡോക്ടറുടെ ഇരിപ്പിടത്തിൽ തങ്ങളുടെ ഒരേയൊരു മകൻ, ആ അമ്മയുടെ നെഞ്ചൊന്ന് കലങ്ങി. സങ്കടവും ദേഷ്യവും ആ അമ്മയുടെ കണ്ണിൽ കണ്ണീരായി ഒലിച്ചു. “ഇങ്ങട്ടാന്നെ കൊണ്ടന്നത്..? ഡോക്ടറെ കണ്ടാ തന്നെ അസുഖം മാറുംന്ന് പറഞ്ഞ് ? നിക്ക് ഒരസുഖോല്ല്യ". അവർ വിതുമ്പി. "വരു നമ്മക്ക് പൂവ്വാം മരിക്കണേന് മുമ്പ് ഒന്ന്  കണ്ടൂല്ലൊ". അദ്ദേഹം അവരുടെ കൈ പിടിച്ച് തിരികെ നടന്നു. അവരുടെ സങ്കടങ്ങളുടെ കാലത്തിലേക്ക്.

# ഒരു കൊന്നപ്പൂവ്



അഞ്ജിത.വി
10 E

പൂത്തുവല്ലോ കണിക്കൊന്ന വീണ്ടും
കണിവെള്ളരിക്കും മുൻപു തന്നെ
കൺകുളിർപ്പിക്കാൻ നിറയെ
കമ്മലുകളാലെത്തി വസന്തം കണക്കെ,
വേനലിൻ ചൂടിൽ വരണ്ട കണ്ണിനൊരാ
നന്ദൃശ്യം നിരത്തി,
നിൽക്കയാണമ്പലപ്പറമ്പിൽ, ഉച്ചിയിൽ
സൂര്യ തേജസ്സും പേറി.
മഞ്ഞയായിതളുകൾ പാറിപ്പറന്നാ
മണ്ണിനെ മഞ്ഞയാമുടയാടയണിയിക്കെ
കണിയെന്തെന്നറിയാത്ത, കനിവെന്തെന്നറിയാത്ത
ഇന്നത്തെ കണ്മണിക്കിടാങ്ങൾ
കൊന്നപ്പൂവിന്റെ വശ്യവർണത്തെ 'വൗവ്'
എന്ന് വാഴ്ത്തിപ്പറഞ്ഞു.
വൗവിന്റെ ആശ്ചര്യം കേട്ടൊരു
മുത്തിക്കൊരമ്പരപ്പുണ്ടായിരിക്കെ,
കാറ്റിന്റെ കൈകളിലാലോലമാടിയൊ-
    രാപ്പൊന്നിൻ പൂവ് മടിയിലെത്തി.
പൂവിനെയൊന്നെടുത്താകെ മുകരവെ
വൗവിന്റെ മക്കൾ പാഞ്ഞെത്തി.
കാലമിനിയും കടന്നുപോമെന്നുള്ള
കാവ്യങ്ങൾ ഉള്ളിൽ തികട്ടി.
ഓർമ്മതൻ ചെപ്പിൽ ഓടിക്കിതച്ചെത്തിയ
ഓർക്കാപ്പുറത്തെ വിഷുക്കോടികൾ
കാലത്തെണീറ്റു പൂമിഴികളാൽ കണ്ണഞ്ചും
പൊൻകണിയൊന്നു കാൺകേ,
നീട്ടുന്ന കൈകളിൽ കൊഞ്ചുന്ന



നാണയത്തുട്ടിന്റെ പുഞ്ചിരിപ്പൂക്കൾ
ഓർമകളിന്നും മാധുര്യം നൽകുന്ന,
പാൽപ്പായസം നൊട്ടി നുണഞ്ഞും
ഓർമതൻ വാതിലിൽ നിന്നൊരാ
മുത്തിതൻ കണ്ണുകൾ മെല്ലെയടഞ്ഞും
വരണ്ടിട്ടും വറ്റിയിട്ടും പിന്നെയും
അശ്രുശരങ്ങളാ മണ്ണിലെറിഞ്ഞും
കാലവും കോലവും മാറിയ ലോകത്തിൽ
കോലക്കേടുകളൊക്കെ മൊഴിഞ്ഞും
ഞാനെന്ന മാനുഷൻതൻ പരമ്പര
എവിടേക്കെന്നാരാഞ്ഞിടുന്നു....
ഭൂമിതൻ മാറിടം തുരന്നു പടുകുഴി-
യാക്കിയോനത്രേ മനുഷ്യൻ !
പഞ്ഞമില്ലാത്തൊരാ പഞ്ഞിക്കിടക്കയിൽ
മേഞ്ഞിടുന്നോനേ മനുഷ്യൻ.
നാളത്തെ നാളിന്റെ നായകനാവേണ്ടോൻ
നാളയെ ഇല്ലാതെയാക്കുവോൻ
ഇന്നിൻ സുഖത്തിനു വേണ്ടി
തന്റെ തായ് വേരുകൾ തന്നെ പറിപ്പോൻ.
കാലവും കോലവും മാറീടിൽ
കാലനും വന്നടുത്തീടുമെന്നോർക്കൂ..

# അജയ്യൻ

ജുംന .ടി

10 E

മൊബൈൽ വെളിച്ചത്തെ വഴികാട്ടിയാക്കി അയാൾ നടന്നു. കാനനത്തിൽ താൻ അടയാളമാക്കി വെച്ച മരങ്ങളിലെ ചുവന്ന തുണികൾ ഓരോന്നും കണ്ടു തുടങ്ങിയപ്പോൾ അയാൾ മൊബൈലിൽ ആരോടോ പറഞ്ഞു. "ഞാൻ എത്താറായി".

രജനിയുടെ നിശബ്ദതയെ വേദനിപ്പിച്ച ദേഷ്യത്തിൽ ഒരു നരി തന്റെ നിയോഗമാരംഭിച്ചു. എല്ലാത്തിനെയും വകഞ്ഞുമാറ്റി അയാൾ നീല തുണി കെട്ടിയ മരത്തിനടിയിൽ താവളമൊരുക്കി. ബാഗിൽ നിന്നും മണ്ണെണ്ണ വിളക്കും തീപ്പെട്ടിയും പുറത്തെടുത്ത് കത്തിച്ചു. മൊബൈൽ വെളിച്ചം ഓഫാക്കികൊണ്ട് അയാൾ വീണ്ടും പറഞ്ഞു. "ഞാൻ എത്താറായി" മൊബൈലിൽ നിന്നും മറുശബ്ദം മുഴങ്ങി. "സമയം 12 മണി. 1 മണിയാവും മുമ്പ് പൂർത്തിയാക്കു. ഈ ലെവലിലൂടെ നിങ്ങൾ ലോകത്തിലെ തന്നെ ഏറ്റവും ശക്തനാവും." അയാൾ ബാഗിൽ നിന്ന് ഊളിയിട്ട് ഒരു പൊതി പുറത്തെടുത്തു. അതിൽ നിന്നും ഒലിച്ചിറങ്ങുന്ന രക്തകണങ്ങളെ മാറ്റി അയാൾ കറുത്ത തുണിയാൽ പൊതിയപ്പെട്ട ഒരു വസ്തു പുറത്തെടുത്തു. കറുത്ത തുണിയുടെ അഗ്രങ്ങളിൽ ഊർന്നു നിന്നിരുന്ന ചോരത്തുള്ളികൾ അയാളുടെ വിരലുകളിലൂടെ ഒലിച്ചിറങ്ങി. ഒരു മുഴം ആഴത്തിൽ ഇന്നലെ കുഴിച്ച കുഴിയെ അയാൾ തിരഞ്ഞു. കിട്ടി! അയാൾ കുഴിയിലേക്ക് കറുത്ത തുണിയോടു കൂടി നിക്ഷേപിച്ചു. ശേഷം കുഴി ഭദ്രമായി മൂടി. "ഞാൻ പൂർത്തിയാക്കി. എവിടെയാണാ അജയ്യശക്തി".

"അജയ്യശക്തി നിങ്ങൾക്ക് കൈ വന്നിരിക്കുന്നു. കഴിഞ്ഞ ലെവലിൽ അമ്മയെ കീഴ്പ്പെടുത്തി തല അറുത്തപ്പൊഴേ നിങ്ങൾ ലോകത്തിലെ ഏറ്റവും വലിയ വീരനും യോദ്ധാവുമായിരിക്കുന്നു."

# ഒരു വയനാട് യാത്ര



ഗോപിക.പി

8 O

വളരെ സന്തോഷവും അറിവുകളും ഈ യാത്രയിൽ നിന്ന് എനിക്ക് ലഭിച്ചു. വ്യാഴാഴ്ച്ച 1/3/2018 പുലർച്ചെ 6 മണിക്ക് വയനാട്ടിലേക്ക് യാത്ര പോയി. ഞാൻ പുലർച്ചെ എഴുന്നേറ്റ് തയ്യാറായി. എല്ലാവരും യൂണിഫോം ധരിച്ചായിരുന്നു. അച്ഛൻ ഞങ്ങളെ സ്കൂളിലേക്ക് വിട്ടു.

എന്റെ ബസ് നമ്പർ 2 ആയിരുന്നു. ഞങ്ങളുടെ ബസിൽ 50-ൽ അധികം കുട്ടികൾ ഞാൻ ബസിലെ മൂന്നാം സീറ്റിലാണ് ഇരുന്നത് . രണ്ട് ടീച്ചറും ഒരു സാറും ഉണ്ടായിരുന്നു. രസകരമായിരുന്ന യാത്ര. യാത്ര പോകുമ്പോൾ അതിമനോഹരമായ കാഴ്ചകൾ കണ്ടു . കളകളം പാടി ഒഴുകുന്ന പുഴകളും കഥ പറയുന്ന മട്ടിൽ മരങ്ങളും പൂക്കളും , കാറ്റിൽ ആടിയുലയുന്ന നെൽക്കതിരുകൾ എത്ര മനോഹരം? നേരം 9 30 ആയപ്പോൾ പുഴക്കരികിൽ ബസ് നിറുത്തി ചായകുടിച്ചു. അവിടെ വെച്ച് കുറെ ഫോട്ടോകൾ എടുത്തു. അതിനു ശേഷം വയനാട് ചുരത്തെത്തി. അവിടെ പൈനാപ്പിൾ തോട്ടവും,തേയില തോട്ടവും, മുളകൃഷിയും ഉണ്ടായിരുന്നു.മാത്രമല്ല പച്ചക്കുപ്പായം ധരിച്ച പോലെ നിരവധി നെൽകൃഷി ഉണ്ടായിരുന്നു. ചുരം കയറുന്ന വഴിയിനിടയിൽ ആൽമരത്തിൽ ഒരു ചങ്ങലയിൽ തടക്കപ്പെട്ട 'കരിന്തണ്ടൻ' എന്ന ഒരു വ്യക്തിയെപ്പറ്റി സാർ കുറേ അറിവുകൾ നേടി തന്നു.

അതിനുശേഷം ഞങ്ങളുടെ ബസ്സ് വിശാലമായ ഒരു മൈതാനത്ത് പാർക്ക് ചെയ്തു. മാത്രമല്ല മതിവരാത്തോളം കുരങ്ങുകൾ, വിവിധ ഇനം പക്ഷികൾ മുതലായവയെ കണ്ടു. ഞങ്ങൾ വിശ്രമത്തിനായി അവിടെ ഇരുന്നു. അപ്പോൾ സർ ഞങ്ങൾക്ക് ഇ.വി. കൃഷ്ണൻപ്പിള്ളയുടെ രസകരമായ കഥകൾ പറഞ്ഞു തന്നു. ഈ കഥകളിൽ ചിരിക്കാനും ചിന്തിക്കാനും ധാരാളം ഉണ്ടായിരുന്നു. വിവിധ ഇനം പക്ഷികൾ മുതലായവയെയും ഞങ്ങൾ കണ്ടു. അവിടുത്തെ കാഴ്ചകൾക്കുശേഷം ചരിത്രപുസ്തകത്തിൽ പേര് നേടിയ എടക്കൽ ഗുഹ സന്ദർശിക്കാൻ പോയി. 300-ഓളം സ്റ്റെപ്പുകൾ ഉണ്ടായിരുന്നു. മാത്രമല്ല വൃക്ഷലതാദികളും ഉണ്ടായിരുന്നു. ഗുഹകളിൽ സ്തീരൂപങ്ങളുടെയും മൃഗങ്ങളുടേയും പക്ഷികളുടേയും ചിത്രം വരച്ചിട്ടുണ്ടായിരുന്നു. ശേഷം ഞങ്ങൾ അതിമനോഹരമായ പാർക്കിലേക്ക് പോയി. പാർക്കിൽ വെച്ച് ഞങ്ങൾ ഭക്ഷണം കഴിച്ചു. അവിടെ മറ്റു സ്കൂളിൽ നിന്ന്

കുട്ടികൾ ഉണ്ടായിരുന്നു. അവരിൽ ചിലരെ ഞങ്ങൾ പരിചയപ്പെട്ടു. ഇവിടെ നിന്ന് യാത്രതിരിക്കുമ്പോൾ എല്ലാവർക്കും ചോക്കോബാർ വാങ്ങിച്ചുതന്നു. പിന്നെ ഞങ്ങൾ വീട്ടിലോക്ക് യാത്ര തിരിച്ചു. ബസ്സിൽ അതിഗംഭീരമായ പാട്ടു വെച്ചിരുന്നു. അദ്ധ്യാപകരും ഞങ്ങളും വളരെയധികം ഉല്ലസിച്ചു. അങ്ങനെ ഞങ്ങൾ സ്കൂളിലെത്തി, വീട്ടിലേക്ക് മടങ്ങി. അപ്പോഴേക്കും രാത്രി 9.20 ആയി. എന്റെ ഓർമ്മയിൽ നിന്നും മാഞ്ഞുപോവാത്ത യാത്ര.

---

## തൂലിക



ദേവിക എസ്. കൃഷ്ണൻ
X-E

എൻ തൂലികേ,
നീ എഴുതിത്തിമിർക്കുക
ഉള്ളിലെരിയുന്ന തീയിലും
നുരയുന്ന പകയിലും പൊരുതുക,
പടവാളായ് ഉറയുക.
കപടമാം മർത്യജന്മത്തിന്റെ
ക്രൂരമാം പുഞ്ചിരിയിലുലയുന്ന
അലകളെപ്പറ്റി,
ഗഹനമാം ചക്രവ്യൂഹങ്ങളിൽ
എരിഞ്ഞടങ്ങിയ അഭിമന്യുമാരെപ്പറ്റി
കാലവൃക്ഷത്തിൽ നിന്ന്
അകാലത്തിൽ കൊഴിയുന്ന ഇലകൾ-
സൗമ്യമാരെപ്പറ്റി.
വിടർന്ന് ഗന്ധംപരത്താൻ
തുടങ്ങുന്നതിൻ മുമ്പ്
വാടിക്കരിഞ്ഞ മൊട്ടുകൾ
ആസിഫമാരെപ്പറ്റി
ഉരുൾപൊട്ടിയൊഴുകുന്ന
തിന്മതൻ തീക്ഷ്ണതയിലുരുകിയൊലി-
ക്കുമാ ആയിരങ്ങളെപ്പറ്റി
കാലത്തിൻ കരാളമാം ദൃഷ്ടിക്കു
നേർക്കു നീയുതിർക്കുക ചോദ്യങ്ങൾ...



ഉത്തരങ്ങളില്ലാത്ത ചോദ്യങ്ങൾക്കു
മുന്നിൽ
പതറാതെ, തളരാതെ
മുന്നേറൂ... നീയെൻ തുലികേ...
മനഃസാക്ഷി മരവിച്ച ലോകത്തിലേക്ക്
വിടർത്താൻ ശ്രമിക്കുക...
നന്മതൻ പുഷ്പങ്ങളെ
ഒടുക്കാൻ ശ്രമിക്കുക
തിന്മതൻ പടുവൃക്ഷങ്ങളെ...

## വഴിയറിയാതെ



ശ്രേയ.കെ
9 AA

ദുഃഖത്തിൽ പാതയറിയാതെ
തിന്മതൻ മനത്തെ തിരിച്ചറിയാതെ
എങ്ങും ഒരലച്ചിൽ
പാതയോരത്തെ മൃദുലമാം കുസുമത്തെ
തിന്മതൻ കരിപുരണ്ട ചിത്തത്തെ
നീ അറിയുന്നില്ലേ എൻ ലോകമേ
താരാട്ടു പാടിയ ഒരമ്മതൻ
വിഷാദം അറിയുന്നില്ലേ....?
കരിയിലതൻ ജീവിതം നിന്നെ
സ്വീകരിക്കുമ്പോൾ
ഒരു നന്മയുള്ള മനം
നിന്നെ കാത്തിരിപ്പൂ....

## ജനകീയകവി




കേരളം കണ്ട ഏറ്റവും പ്രശസ്തനായ 'ജനകീയകവി' ആരെന്ന ചോദ്യത്തിന് ഉത്തരം ഒന്നേ ഉള്ളൂ കുഞ്ചൻ നമ്പ്യാർ കവിതയെ ചാട്ടവാറാക്കിയ കവിയെന്ന് വിളിക്കാറുണ്ട്.

അഭിഷേക്.സി.കെ

8 V

ഓട്ടൻ തുള്ളൽ ആരംഭം ഇങ്ങനെയാണെന്ന് ഒരു വിഭാഗം ആളുകൾ പറയുന്നുണ്ട്. പതിനെട്ടാം നൂറ്റാണ്ട് പ്രശസ്തമായ അമ്പലപ്പുഴക്ഷേത്രം, മണൽ വിരിച്ച വിശാലമായ ക്ഷേത്രമുറ്റം. ഒരു ഭാഗത്ത് പന്തലിൽ കൂത്ത് നടക്കുന്നു. മിഴാവ് വായിക്കുന്നത് കുഞ്ചൻ നമ്പ്യാരാണ്. ചാക്യാർ കൂത്തിലൂടെ സന്ധ്യ സുന്ദരമാക്കുന്നു. പല ദിവസമായി കൂത്തുനടക്കുന്നു. മിഴാവ് വായിക്കുന്ന കുഞ്ചൻ ഒരു പോള കണ്ണടച്ചിട്ടില്ല. അറിയാതെ ഒന്നുമയങ്ങിപ്പോയി. ചാക്യാർ കണക്കിന് പരിഹസിച്ചു. കുഞ്ചൻ പന്തലിൽ നിന്ന് എഴുന്നേറ്റ് പോയി. പിറ്റേദിവസം കൂത്തുപന്തലിന്റെ എതിർവശത്ത് ഒരു പന്തൽ ഉയർന്നു. ചാക്യാർകൂത്ത് തുടങ്ങി. പുതിയ കലാരൂപം കണ്ട് ജനങ്ങൾ അങ്ങോട്ടുപോയി. ചാക്യാർ നാണം കെട്ടു. ഒറ്റ രാത്രികൊണ്ട് ഉണ്ടാക്കിയ കലാരൂപമത്രെ തുള്ളൽ.



## തൊഴിലിനോടുള്ള ആത്മസമർപ്പണം



ഉത്സാഹത്തോടെ കൃഷിപ്പണികളിൽ ഏർപ്പെടുന്ന ആളുകളെ നമ്മൾ പണ്ട് കണ്ടിരുന്നു. നല്ല മനസ്സോടെ സന്തോഷത്തോടെ ആസ്വദിച്ച് അവർ കൃഷിചെയ്യുന്നു. ഏതു ജോലിയും ആത്മസമർപ്പണത്തോടെ ആസ്വദിച്ച് ചെയ്തിരുന്ന തലമുറയായിരുന്നു അത്. മെയ് 1 നാണ് തൊഴിലാളി ദിനം. ലോകത്തിന്റെ വളർച്ചയ്ക്ക് തന്നെ കാരണം. തൊഴിലാളികളാണ്.

സൂര്യ സി. സുന്ദരൻ

10 AB

ഭാരം വലിക്കുന്ന കാളയ്ക്ക് തുല്യമാണ് അവരുടെ മനുഷ്യജീവിതം. ജനനം മുതൽ തുടങ്ങുന്ന വിശ്രമമില്ലാത്ത അധ്വാനം ജീവിതാവസാനം വരെ തുടരുന്നു. മുതലാളി വർഗത്തിൽ നിന്നും ചൂഷണങ്ങളും പ്രഹരങ്ങളും അവർ അനുഭവിക്കേണ്ടിവരുന്നു. രാത്രിയെന്നോ പകലെന്നോയില്ലാതെ അവർ അധ്വാനിക്കുന്നു. രാപകലില്ലാതെ അധ്വാനിച്ചിട്ടും തുച്ഛമായ വേതനമാണ് അവർക്ക് ലഭിച്ചിരുന്നത്. ഒരു കുടുംബത്തെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാൻ പര്യാപ്തമല്ല ഇത്.

കർഷകരായ തൊഴിലാളികളെന്നും ദാരിദ്ര്യത്തിന്റെ പടുകുഴിയിലായിരിക്കും. ഇങ്ങനെയൊക്കെ ആണെങ്കിൽ കൂടി അവർ അവരുടെ ജോലി ആത്മസമർപ്പണത്തോടെ ചെയ്തിരുന്നു.ഇപ്പോഴത്തെ സമൂഹത്തിന് അധ്വാനം കൂടുതലുള്ള ജോലികൾ ചെയ്യാൻ മടിയാണ്. ആർക്കും ജോലിയോട് ആത്മസമർപ്പണമില്ല ,ഉത്തരവാദിത്വമില്ല. നമ്മുടെ നാട്ടിൽ ഇപ്പോൾ അധ്വാനമുള്ള പണികൾ ചെയ്യുന്നത് അന്യസംസ്ഥാന തൊഴിലാളികളാണ് എന്നതാണ് സത്യം. കൃഷിയിൽ നിന്നും മണ്ണിൽ നിന്നും മനുഷ്യർ അകന്നുപോകുന്നു. നമ്മുടെ സംസ്കാരം മാറിയിരിക്കുന്നു. കൃഷി ചെയ്യാനുള്ള ഉത്സാഹം നമ്മുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഇതിന് കാരണം തൊഴിലിനോടുള്ള നമ്മുടെ മനോഭാവം മാറിയതാണ്. ഏതു തൊഴിലിനും അതിന്റേതായ മാന്യതയുണ്ടെന്ന് നാം വിശ്വസിക്കുന്നില്ല. ദേഹമനങ്ങാതെ സമ്പാദിക്കാനാണ് കൂടുതൽ ആളുകളും ഇഷ്ടപ്പെടുന്നത്. 'വൈറ്റ് കോളർ' ജോലിയാണ് ഇപ്പോൾ എല്ലാവരും ഇഷ്ടപ്പെടുന്നത്. അധ്വാനമാണ് ലോകത്തെ പുരോഗതിയിലേക്ക് നയിക്കുന്നത്. എല്ലാ തൊഴിലിനും മഹത്വമുണ്ടെന്നും ചെയ്യുന്ന തൊഴിലിൽ നാം ആഹ്ലാദം കണ്ടെത്തണമെന്നും ഒരു തിരിച്ചറിവ് നമ്മളിലുണ്ടാകണം. അധ്വാനത്തിലൂടെ നേടുന്നതാണ് യഥാർത്ഥത്തിൽ നിലനിൽക്കുക. വളർന്നുവരുന്ന തലമുറ മണ്ണിൽ നിന്ന് അകന്ന് പോയാൽ ഭാവിയിൽ പ്രശ്നങ്ങൾസൃഷ്ടിക്കും."അധ്വാനിക്കുന്നത് അഭിമാനമാണ്" എന്നതാണ് സത്യം.

---

# പ്രകൃതിയുടെ വിലാപം



പ്രാർത്ഥനയാലെന്നും മൂളുന്നീ പ്രകൃതിതൻ
വിങ്ങലിനെകുറിച്ചോർത്തുക്കൊണ്ട് വിടരുന്ന പൂവിലും വിടരാതെ
നിൽക്കുന്നനന്മയെ കുറിച്ചോർത്തുക്കൊണ്ട്
സുന്ദരമായിരുന്നീ പ്രകൃതി പണ്ട്
സ്വതന്ത്രനായിരുന്നീ പ്രകൃതി

SHABEEB.A

വിടരാതെ മൊട്ടിലും തൊട്ടിലും
സനേഹത്തിൻ കിരണങ്ങളുണ്ടായിരുന്നനമ്മിലും

വാടി തളരുന്നിതാ പ്രകൃതിതൻ സൗഭാഗ്യം
കാറ്റിൽ കൊഴിഞ്ഞിതാ പ്രകൃതിതൻ സന്തോഷം
വെറുതേ വിങ്ങിപൊട്ടികരഞ്ഞിതാ
നമ്മോടു തേങ്ങുന്ന നമ്മുടെയാ പ്രകൃതി
ഇനിയെന്ന് ഈ ഭൂവിൻ സ്നേഹത്തിൻ
വിത്തുകൾ വിതറുമെന്ന് ?

---

## വിക്കീപീഡിയ-ഒരു സ്വതന്ത്ര വിജ്ഞാനകോശം



സൂര്യജിത്ത്
9 AB

വിജ്ഞാനകോശങ്ങൾ പലതും ലോകത്തുണ്ട്. എന്നാൽ സ്വതന്ത്രമായ ഏറ്റവും വലിയ വിജ്ഞാനകോശം ഇന്ന് 'വിക്കീപീഡിയ'-യാണ്. സ്വതന്ത്രം മാത്രമല്ല സൗജന്യവുമാണ് ഈ വിജ്ഞാനകോശം. ആർക്കും ലേഖനങ്ങളും അറിവുകളും പങ്കുവെക്കാം എന്നത് ഇതിന്റെ മാറ്റ് കൂട്ടുന്നു.

നിങ്ങളുടെ അറിവുകൾ എന്തുമായിക്കൊള്ളട്ടെ, അത് ചെറുതും വലുതുമാവട്ടെ,ത അവയൊക്കെ ഇതിൽ ഉൾച്ചേർക്കാൻ സാധിക്കും. ലോകത്ത് എവിടെനിന്നും അത്തരം കാര്യങ്ങൾ ചേർക്കാൻ സാധിക്കും. ലേഖനങ്ങൾ ചേർക്കുന്നതോടൊപ്പം മറ്റുള്ളവ തിരുത്താനുമുള്ള അനുവാദം ഇതിനെ കൂടുതൽ ആകർഷണീയമാക്കുന്നു. സ്വതന്ത്രവും സൗജന്യവുമായതുകൊണ്ട് എന്തുമാകാം എന്ന് ധരിക്കരുത്. അനാവശ്യവും യാഥാർത്ഥ്യമില്ലാത്തതും തെറ്റിദ്ധരിപ്പിക്കുന്നതുമായ ലേഖനങ്ങൾക്ക് അധികം ആയുസ്സുണ്ടാവില്ല. അവ സേവനതത്പരായ ഇതിനെ നല്ല നിലയക്ക് കൊണ്ടുപോകണമെന്നാഗ്രഹിക്കുന്നവർ തിരുത്തും എന്നതാണ് പ്രത്യേകത.



### ആർക്കെല്ലാം കാണാം ?

ഇന്റർനെറ്റ് സൗകര്യമുള്ള ആർക്കും കാണാവുന്നതാണ്. ഇന്റർനെറ്റിൽ Wikipedia എന്ന് ടൈപ്പ് ചെയ്ത് സെർച്ച് ചെയ്താൽ ഇതിന്റെ വെബ്സൈറ്റ് ലഭ്യമാകുന്നതാണ്. www.wikipedia.org എന്നതാണ് സൈറ്റ് അഡ്രസ്സ്. മലയാളത്തിലും വിക്കിപീഡിയ ലഭ്യമാണ്. ml.wikipedia.org എന്നതാണ് അതിന്റെ അഡ്രസ്.ഇത് മലയാളത്തിൽ മാത്രമല്ല മറ്റു ഒട്ടേറെ ഭാഷകളിലും ലഭ്യമാണ്.

### പ്രത്യേകതകൾ

വിക്കിപീഡിയ ഫൗണ്ടേഷനാണ് ഇതിന്റെ പിന്നിലുള്ളത്.ഈ പ്രസ്ഥാനത്തിന് വിക്കിനിഘണ്ടു,വിക്കിഗ്രന്ഥശാല, വിക്കിപാഠശാല പോലുള്ള ഒട്ടേറെ സംരംഭങ്ങളുമുണ്ട്.

### ആർക്കെല്ലാം ലേഖനങ്ങളെഴുതാം ?

അംഗത്വമുള്ള ആർക്കും ഇതിൽ ലേഖനങ്ങളെഴുതാം.അംഗത്വമെടുക്കണമെങ്കിൽ, സ്വന്തമായി ഒരു ഇ-മെയിൽ ഉണ്ടായാൽ മാത്രം മതി. അംഗത്വവും സൗജന്യമാണ്. അംഗത്വമുള്ള ആൾക്ക് മാത്രമേ തിരുത്താനുള്ള അവകാശമുള്ളൂ. രസകരവും വിജ്ഞാനപ്രദവുമായ വിക്കിപീഡിയയിൽ അംഗത്വമെടുത്ത് അതിന്റെ ഭാഗമാകുക എന്നത് ഏറ്റവും സുന്ദരമായ മുഹൂർത്തങ്ങളിലൊന്നു തന്നെയാണ്.

---

## അകം വിങ്ങുമ്പോൾ

മനസ്സിൽ കിളിവാതിൽ മുട്ടി മുറിവേൽപിക്കാതെ
മൂകനായ് നീ കടന്നുവന്നെൻ
ആത്മാവിന്റെ ശിഖരമൊന്നിൽ തന്നെ
പിടിമുറുക്കിയപ്പോൾ,
അക്ഷരങ്ങളന്യമായ് ഈ ശുദ്ധസംഗീതത്തെ
പ്രണയമെന്നോമനപ്പേരിട്ടു വിളിച്ചു ഞാൻ
വിണ്ണിൻ കുടക്കീഴിൽ നാം ഒന്നെന്നറിഞ്ഞപ്പോൾ
അക്ഷരവർഷങ്ങൾ കൈകോർത്തു നടന്നതും
മിഠായി മധുരം ഒന്നിച്ചു നുണഞ്ഞതും
എന്റെയുള്ളിലെ
ഭ്രമച്ചുഴിയോ? അതോ,
നീ തന്നെ പൊള്ളയാം വാക്കുകളോ ?

ഇരുട്ടിൽ നിഴലായ് നീയലിയുമീ വേളയിൽ
പുഞ്ചിരി മറന്ന അധരങ്ങളുമായ്
അലക്ഷ്യമായ് അലയുന്നവെങ്കിലും,
വീണ്ടുമീ മിഴികൾ നിറയുന്നതെന്തിന്
ഓർമ്മകൾ വേദനിപ്പിക്കുന്നതാണോ , അതോ
വേദന വീണ്ടും ഓർമ്മിപ്പിക്കുന്നതാണോ ?

## ഒരു ബാലിക

ഓരോ മലരിലുമോരോ തളിരിലു
മോടിക്കുഴങ്ങേണ്ടാ നേത്രമേ, നീ
ഉദ്യാനദേവത താൻ തന്നെയല്ലയോ
ഹൃദ്യമാമീ മണിത്തിണ്ണയിന്മേൽ
അഞ്ചു വയസ്സായ പെൺകിടാവായ്ച്ചമ
ഞ്ഞഞ്ചിത കേളികളാടി വാഴ്വൂ.
ചമ്പകപ്പൂവാണിപ്പെൺ പൈതൽതന്നുടൽ
ചെമ്പനിനീർപ്പൂവിക്കൊച്ചു മുഖം
കായാമ്പൂ കൊണ്ടത്രേ കല്പിതമായ് തുലോ
മായാ മരമ്യമാമക്ഷിയുഗ്മം
തോൾ കവിഞ്ഞഗ്രം ചുരുണ്ടു കിടക്കുന്ന
വാർകുഴലായതോ വണ്ടിണ്ടതാൻ
വല്ലികാശാഖാകഴകളാകുന്ന കയ്യുകൾ
പല്ലവം തന്നെയിപ്പാണി രണ്ടും.



## വേനൽ മഴ

നിദ
9AA

ചുട്ടുപഴുത്തൊരാ വേനൽ ചൂടിൽ
ഒരു ചാറൽ മഴയായ് നീയണഞ്ഞ നേരം
ഒരു കുളിരായ് നീ തലോടിയപ്പോൾ

ഒരു വേളയെൻ മനം
തണുത്ത നേരം
ഒരു ഗാനം നിന്നോട്
മൂളിയില്ലേ
ഒരു കഥ നിന്നോട്
ചൊല്ലിയില്ലേ
എന്നിട്ടും നീയെന്തേ പോയ്
മറഞ്ഞു
ഒന്നും പറയാതെ പോയ്
മറഞ്ഞു
പകലു പോയ് രാത്രിയും
വന്നുചേർന്നു
അമ്പിളിമാമനുദിച്ചുയർന്നു
നക്ഷത്രം മിന്നി തിളങ്ങുകയായ്
പിന്നെയുമർക്കൻ ജ്വലിച്ചെടുത്തു
കത്തി ജ്വലിക്കുന്നൊരീ പകലിന്നു ഞാൻ
നിന്നെക്കുറിച്ചോർത്തു വിങ്ങിടുന്നു
നിന്നെയും കാത്തു ഞാനേകയായി
ഈ വഴിത്താരയിൽ നിന്നിടുന്നു.......



## എന്റെ രണ്ടാം ഗൃഹം

ശാഖകളും ഇലകളും നിറഞ്ഞെന്റെ
മനസ്സിൽ എന്നും നിറയുമെൻ
മരമാകുമീ വിദ്യാലയമേ !
നീ എനിക്കീ ശാഖകളാകുമീ
ക്ലാസ്സ്മുറികളും ഇലകളാകുമീ
ഓർമ്മകളും എനിക്ക് സമ്മാനി -
ച്ചതിൽ ഞാൻ എൻ
കൃതജ്ഞതയറിയിപ്പൂ.



# സന്ധ്യ

ഹംന നസ്‌ലിൻ
9 AA

ദൂരെ പറവകൾ പറന്നകലുന്നു
മേയുന്ന പൈക്കൾ യാത്രയായി
മുറ്റത്തെ കൊച്ചുമാവിൻ, തേന്മാവിൻ ഇലകൾ
തമ്മിലെന്തോ അടക്കം
പറഞ്ഞിടുന്നു
വിരുന്നെത്തിയ ഉച്ചചുടുകാറ്റ്
യാത്രാമൊഴി ചൊല്ലി
ഇത്രനേരം പ്രഭാതം ചൊരിഞ്ഞ
ദീപം ഇപ്പോൾ
സ്വയമണഞ്ഞുപോയി
തിരികെ പോ. കാറ്റിൻ
കൈയ്യിൽ നിന്നും കുങ്കുമ ചെപ്പ് മറിഞ്ഞു പോയോ?
വാനം നിറയെ കുങ്കുമ വർണം!!!



# മരണം

ലബ്ന.എ

എന്തിനു വേണ്ടി നാമിന്നീ
ഭൂമിയിലുല്ലസിച്ചിടുന്നു ?
മരണമെന്ന വാക്ക് നമുക്ക് കൈയ്യെത്താ
ദൂരത്താണെന്നോർത്തീടുക നീ
നിന്നോട്ചേർന്നുല്ലസിച്ചീടുന്നവരെല്ലാം
നിന്റെ അടുക്കൽ ഉണ്ടാവുമെന്ന് നീ
വ്യാമോഹിക്കണ്ട
അവർ നിന്റെ സന്തോഷത്തിൽ മാത്രമാണ്
ഒപ്പമുണ്ടാവുക
മരണമെന്ന യാത്രയിൽ നീ തനിച്ചാണ്
അധികം ഉല്ലസിച്ചീടുമ്പോൾ ഓർത്തീടുക
ആ മൂന്ന് അക്ഷരങ്ങളെ....



## സൃഷ്ടാവ്

മിൻഹ.കെ.കെ

പൂമ്പാറ്റകളെ സൃഷ്ടിച്ചു
പൂക്കളെയെങ്ങും സൃഷ്ടിച്ചു
പൂവിൽ തേനും സൃഷ്ടിച്ചു
അവനാണ് നമ്മുടെ സൃഷ്ടാവ്
പശുവൊരു കുഞ്ഞിനെ പ്രസവിച്ചു
പശുക്കിടാവിന് ദാഹിച്ചു
കുഞ്ഞിനു പാലും സൃഷ്ടിച്ചു
അവനാണ് നമ്മുടെ സൃഷ്ടാവ്

---

## അവളുടെ കണ്ണുനീർ

ഷബ്ന ഷെറിൻ

8 T



ഒരു ഞായറാഴ്ച പുലർച്ച.....
പുറത്ത് കനത്ത മഴ..
മുനീർ മൂടി പുതച്ചു കിടക്കുന്നു.
തണുപ്പായത് കൊണ്ട് മുനീർ ഇപ്പൊ വൈകിയാണ് എണീക്കുന്നത്. "മോനെ.... എണീക്കെടാ...അടുക്കളയിൽ നിന്നാ ഉമ്മാന്റെ ആ വിളിക്കേട്ടത്."മോനെ...എണീക്കടാ...വേഗം എണീക്ക്. അവൻ അതൊന്നും ചെവിക്കാണ്ടില്ലാ. എടാ മോനെ....വേണങ്കിൽ എണീറ്റോ...പിന്നെ ഞാൻ ചായ തരില്ലാട്ടാ...... മുനീറിന് ചായകുടിക്കതെ അവന്റെ ആ ദിവസം മുന്നോട്ടുപോകില്ല. അതായത് ചായയില്ലാതെ അവൻ കഴിയില്ലാ.അതുക്കൊണ്ട് ഉമ്മാന്റെ ആ വിളിക്ക് അവൻ പെട്ടന്ന് തട്ടികടഞ്ഞ് എണീറ്റു. കണ്ണ് തിരുമ്മിക്കൊണ്ട് അടുക്കളയി ലേക്ക് ചെന്നു. വേഗം പോയി മുഖം കഴുകി വാ...എന്നാ ചായ തരാം. ഉമ്മ പറഞ്ഞു . അവൻ അതെ സ്പീഡിൽ വാഷ് ബെയ്സിനു അരികിൽ എത്തി. ഉമ്മാ..ഉമ്മാ...കോൾഗേറ്റ് എവിടെ എന്റെ ബ്രഷ് എവിടെ. അവൻ അലറി. ഉമ്മ വേഗം ചായ കുടിക്കുന്നിടത്ത് നിന്ന് എണീറ്റ് ഗോൾഗേറ്റും ബ്രഷും മെടുത്ത് ക്കൊണ്ടു വന്നു കൊടുത്തിട്ട് പറഞ്ഞു. ഇത്രയും വലിപ്പമുണ്ട് എല്ലാം ഇപ്പൊയും ഞാൻ ചെയ്തുകൊടുക്കണം.എന്നാണാവോ ഇവനൊക്ക നന്നാവുക. അവന്റെ

പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞ് ചായയുമായി അവൻ സിറ്റൗട്ടിലേക്ക് ചെന്നു. അവൻമേശയിൽ നിന്നും പത്രമെടുത്ത് ക്കൊണ്ടുപോയി കസേരയിൽ ഇരുന്നു. പുറത്ത് കനത്ത മഴയായത്

കാരണം സിറ്റൗട്ടിലേക്ക് വെള്ളം ചീറ്റുന്നുണ്ടായിരുന്നു. അവനതൊന്നും കാര്യമാക്കാതെ അവിടെ ഇരുന്ന് പത്രം വായിച്ചു പത്രത്തിന്റെ ഓരോ ഹെഡലൈനുകളും വായിച്ചുകൊണ്ടിരികുമ്പോൾ പത്രത്തിന്റെ ഇടയിലൂടെ അതാ.....

അതാ..... അവിടെ സുന്ദരിയായ പെൺകുട്ടി എന്തന്നറിയാതെ കരഞ്ഞുകൊണ്ടവൾ തലങ്ങും വിലങ്ങും ഓടുന്നു.മഴയത്ത് ആ കുട്ടി ഓടുന്നത് കണ്ടപ്പോള് മുനീന് സഹതാപം തോന്നി. അവന് പത്രം അവിടെ വെച്ച് പുറത്തേക്ക് ഇറങ്ങാനായി ഉമ്മാനെ വിളിച്ചു."ഉമ്മ.....ഉമ്മ....വേഗം "ആ അവൻ അലറി. ഉമ്മ അടുക്കളയിൽ നിന്നും കൈകഴുകി ഓടി വന്നു " എന്താടാ....എന്താ...എന്താ മോനെ... ഉമ്മ ചോദിച്ചു. ഉമ്മ..വേഗം കുടയെടുത്ത് കൊണ്ട് വരീം.. വേഗം. അവൻ പറഞ്ഞു. ഉമ്മ വേഗം കുടയെടുത്തു കൊണ്ട് പറഞ്ഞു "എവിടേക്കാ മോനെ....". "ഇപ്പൊ വരാം ഉമ്മാ... ".എന്നും പറഞ്ഞു കൊണ്ട് അവൻ മുറ്റത്തേക്കിറങ്ങി.

അവനെ കണ്ടതും ആ പെൺകുട്ടി ഒന്ന് നിന്നു അവൻ അവളെ വിളിച്ചു. അവൾ ഓടിചെന്നു.അവൻ അവളോട് താഴ്മയോടെ ചോദിച്ചു. മോളെ...നീ എന്തിനാ കരയുന്നേ..? അവൾ കരഞ്ഞു കൊണ്ടു പറഞ്ഞു- ഇക്കാ..അത്.. എനിക്കാരുല്യ. ഇക്കാ.. എനിക്കാരുല്യ, അവൾ പൊട്ടിക്കരയാൻ തുടങ്ങി. അവൻ അവളുടെ തലയിൽ തലോടി കോണ്ടു ച്ചോദിച്ചു എന്താ മോളെ നിന്റെ പ്രശ്നം.. . അവൾ വിതുമ്പി കൊണ്ടു പറഞ്ഞു ഇക്കാ..എന്റുമ്മാക്ക് രണ്ടുദിവസം മുമ്പ് തലകറക്കമുണ്ടായി അങ്ങനെ ഹോസ്പിറ്റലിൽ കൊണ്ടുവന്നതാണ്. ഇപ്പോ ഉമ്മാക്ക് വളരെ സീരിയസ്സാണ് എന്തോ സർജറി വേണമെന്നൊക്കെ പറയുന്നുണ്ട് ഇക്കാ.....അതിനൊരുപാട് കാശ് വേണ്ടേ എന്റുടുത്തൊന്നുമില്ല മാത്രമല്ല എനിക്കാരുല്ല....എന്റുമ്മമാത്രമേ...ഉള്ളൂ.. എന്റുമ്മക്കുടി.....അവൾ പൊട്ടിക്കരയാൻ തുടങ്ങി.

അതിനിടയിൽ അവൾ മഴ കൊള്ളുന്ന കാര്യം മുനീറിന് ഓർമ്മ വന്നു. അവൾ വീണ്ടും കരയാൻ തുടങ്ങി. "എനിക്കാരുല്ല ഇക്കാ..എനിക്കാരുല്ല".അത് കേട്ടപ്പോൾ മുനീറ് അവളെ ചേർത്തുപിടിച്ച് പറഞ്ഞു. നിനക്ക് ഞാനില്ലേ മോളെ...നിന്റെ ഉമ്മാക്ക് ഒന്നും സംഭവിക്കില്ലട്ടോ. അവൾ തലകുലുക്കി കൊണ്ട്പറഞ്ഞു. രണ്ട് മണിക്കൂറിനുള്ളിൽ പണം എത്തിച്ചാലേ സർജറി നടത്തു.നമുക്കെത്തിക്കാം മോളെ എന്നും പറഞ്ഞു കൊണ്ടു അവൻ അകത്തേക്ക് പോയി അലമാറയിൽ നിന്ന് കുറച്ച് കാശ് എടുത്തു. എന്നിട്ട് പോകുന്ന വഴിയിൽ നിന്ന് അറയുന്ന ആളുകളിൽ നിന്ന് കാശ് കടം വാങ്ങിച്ചു എന്നിട്ട് ഹോസ്പിറ്റലിലേക്ക് പോയി അവിടെ എത്തിയ ശേഷം. ഏറ്റവും പരിചയമുള്ള ഒരു

ചെറുപ്പക്കാരിയായ നേഴ്സ് അവളുടെ നേരെ വരുന്നു. അവൾ ആ പണവുമായി ഓടിച്ചെല്ലുന്നു. അടുത്തെത്തിയപ്പോൾ അത് അവൾ നേഴ്സിന് നേരെ നീട്ടി ... നോഴ്സ് വാങ്ങാതായപ്പോൾ അവൾ പറയാൻ തുടങ്ങി "നേഴ്സ് ... ഇതാ എന്റുമ്മക്കുള്ള പണം " നേഴ്സ് അ കൊച്ചുകുട്ടിയുടെ കയ്യിൽ പിടിച്ചു കൊണ്ടു വിതുമ്പാൻ തുടങ്ങി. അവൾ ആ നേഴ്സിനെ കുലുക്കി കൊണ്ടു ചോദിച്ചു : “എന്താണ് ... എന്റുമ്മയെവിടെ ... എന്റുമ്മാക്കെന്താ? അവൾ അലറി കരയാൻ തുടങ്ങി.നേഴ്സ് അവളെ കെട്ടിപിടിച്ചു കൊണ്ട് വീണ്ടും കരയാൻ തുടങ്ങി അപ്പോഴേക്കും മുനീർ അവിടെ എത്തിയിരുന്നു .

അവൾ അവന്റെടുത്തേക്കോടിചെന്നു പറഞ്ഞു : “ഇക്കാ അവരോട് എന്റുമ്മാനെ പറ്റി ചോദിക്കു? ഇക്കാ"അവൾ കരയാൻ തുടങ്ങി ... അപ്പോ ആ നേഴ്സ് അവന്റെയടുക്കലേക്ക് വന്നു. നേഴ്സിന്റെ റൂമിലേക്ക് വിളിച്ചു . അവൻ നേഴ്സിനോട് ചോദിച്ചു: “എന്താ... എവിടെ... ആ സ്ത്രീ" അപ്പോൾ ആ നേഴ്സ് പറഞ്ഞു : “ആ കുട്ടിയുടെ ഉമ്മ എന്നന്നെക്കുമായി ഈ ലോകത്തോട് വിടപറഞ്ഞിരിക്കുന്നു... “എന്നു പറഞ്ഞ് കൊണ്ട് അവൾ കരയാൻ തുടങ്ങി... “ആ കുട്ടിയോട് എങ്ങനെ പറയും" അവന് ആകെ പരിഭ്രാന്തനായി അവൻ പിന്നിലേക്ക് തിരിഞ്ഞതും ആ പെണ്ണ് കുട്ടി എല്ലാം കോൾക്കുന്നുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു. അവൾ അവന്റെയടുത്തേക്ക് ഓടി വന്നു കൊണ്ടു പറഞ്ഞു: "ഇക്കാ ...ഇക്കാ... എന്റുമ്മാ ...എനിക്കിനിയാരുമില്ല.” അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു... പിന്നീട് എന്നന്നേക്കുമായി ആ കണ്ണീർ ഒഴുകി...

---

# Water Pollution

RAHALIYA JASMINE
IX – AA

The water in most of our river is highly polluted. The pollution of river is caused by dumbing of untreated sewage and industrial wastes. In addition to sewage and industrial and pollution is also caused by other human activities like bathing,washing of clothes ,animals etc...



The industrials also discharge chemical materials kills the fish In many parts of pollution leads to scarcity of pure drinking water. We have heard many news about river water is polluted or peoples are covering miles of long to fetch drinking water this is because of the river water had been polluted. We have to reduce pollution. We have hold our hands together against river water pollution or any other water source pollution



---

# Healthy Habits

FATHIMA RUFAIDHA C.P

Cleanliness :-



We should have regular cleanliness. Only then we can be healthy. We should at the proper time.

We should brush our teeth every morning and night. Other wise cavities will be formed and our mouth will smell. We should have a bath daily. We should use a good soap. After a bath we should wipe with a clean and dry to well.

We should use some oil for our hair and comb our hair. This would keep us neat and tidy. We must wash our hands after and before eating.

We must clean our nails. We shouldn't bite our nails. The dirt in the nails will get into our stomach and we might be ill.

"We should keep all things neat and tidy and should keep in their proper places. All the bits of paper must be collected and put in the dust bin. The healthy habit is cleanliness.

---

## Teacher

RIZWANA FEBIN V.K
9 AA



* A Good Teacher is like a
Candle ,
It Consumes itself to light to the
Ways for others...

* A teacher takes a hand ,
opens a mind,and
touches a heart...


* Google can give us millions of
Informations....
But ,
A teacher gives the
TRUE KNOWLEDGE.....

---

# <u>The farmer and the sparrows</u>

NIDA . K
9 AA


Raghavan was a farmer. He worked from dawn to dusk to in his field. Amidst the crops in the field,a sparrow had built a nest. she roosted in the nest. She got two children. The little sparrow lived with their mother happily. Days passed by. And everywhere people started their harvesting. The little sparrow said to their mother,Mummy!we will have to fly away. The mother sparrow replied,Not so soon babies! The farmer is not ready.



One day,they heard the farmer saying:"I just call my neighbours and make them do the harvest. The little sparrows said:"mummy,tonight we should fly away."The mother said "not so soon baby". The farmer won't make it. The words of the mother came true. The neighbours did not turn up the next day.

The farmer was heard saying."I will call my relatives and make them do the harvest". This time also the little ones wanted to fly away. But the mother asked them to relax. Once again,the words of the mother came true.Now they heard the farmer saying."tomorrow I will harvest myself. On hearing these words,the mother said;"Come my children. It is time for us to leave this field".

MORAL::SELF HELP IS ALWAYS RESPECTED.



# One 4 All,All 4 One

RISHA.N.M
9 AA

We are the colours  of Rainbows.
We are the leaves  of trees.
We are the twinkling stars  of sky.
We are the letters  of books.
And we are the blood  of heart.
When there is no friends
there is no life.
The friends are the shining  of life.
If will teach us how to live long
If will teach us how to study
And if will teach us how to love.
"FRIEND IT IS THE MAGNET OF LIFE"

# NEXT  GEN  MEMORIAL

HASNA
9 AA

Don't weep at my grave,

for I am not those

I've a date with a

butterfly to dance in the air

I will be singing in the

sunshine wild and tree

playing tag with the wind

white I am waiting for there.

# Brain computer

AKHILA N.T
8 T

You have your own computer
password is automatic.
But nobody can enter inside
with or with out your permission.
A wise thief can not steal it.
A strong boy can not grab it.
Now you know that it is your Brain
Enter edit any life
All the healthy things in it
Display it in your life
Wow ...you are so great !!!!!!

# LITTLE THINGS

NIDHA. K
9 AA

Little drops of water,
Little grains of sand.
Make the might ocean
And the pleasant land.
Thus the little minutes,
Humble though they be,
Make the mighty ages
Of density
So our little errors
Head the soul away
From the path of virtue
Far in sin to story.
Little leads of kindness,
Little words of love,
Help to make earth happy
Like the heaven above.



# The Better Prize

HIBA.M
8 AF

I see you've tired when I get home
You feel some days you're all alone
But what you're doing is priceless dear
And one day you'll back one year



From far now when these kids are grown
You'll remember the days you spend at home
whipping noses,washing dishes
Having tea parties,getting kisses

Playing ball and tying shoes
Dressing dolls and kissing boo- boos
Then you will look as me with tearful eyes
and know you got the better prize.

# Life

We live just once
We die only once
And their reality
Lies another reality

A reality of life
Its a journey of joy
Its a journey of sorrow
Its a journey laughter and tears

# Pretty Butterflies



'Butterflies are pretty things,
prettier than you or I;
See the colours  on his wings;
Who would hurt  butterflies?'

Softly,softly,girls and boys;
He'll come near us by and by;
Here he is, don't make a noise
We'll not hurt you,butterfly.

Not to hurt a living thing,
Let all little children try;
see,again he's on the wing;
Good bye!pretty butterfly!

# SCHOOL LIFE

HAMNA NUSLIN C.K
9 AA

School is a world
Carrying us there to enjoy
Happiness in life to under stand
Oh.. we should not destroy!
Oops.. we have to enjoy!
Let me have freedom
Let me give  some friends
It won't be the end
Forever we will enjoy
Endings never ends our joy
School is a part of life
We will enjoy it.........

# SCHOOL WORLD

RIFA
9 AG

From a bud to blooming flower,
Lie a baby to adult.....
Who will be our stem?
Our friends........
Who will be our leaves
Our teachers...

Who will be our stem?
Our friends........
Who will be our leaves
Our teachers...
And who will cherish these
Yes our school.....

Missing a lot your mom in home?
But having a lot fun in school
Till those unforgettable days...
Oh!..Will you come back?
Waiting for the past to come....

# BONDS

Cause all those school days are special!
Smile for all prizes.....
Cry for all marks
Oh my god.. what a nice days were those!
Care like our 'Mam'.....



Yes teachers..

Play like our sisters

and including these all

Protect and giving

blessing as shelter......

Yes that's our school.

# MOTHER

SAFVANA E
IX AA

She is very innocent like TOM
And yet so like JERRY
She makes me laugh like FLINTSTONE
Yet she is understanding like WILMA
She is beautiful like MORTICIA ADAMS
And loving like GOMES
She is caring like GRANNY
yet wit like TWEETY
She is not just my MOTHER
But my BEST FRIEND



# 2018 KERALA FLOOD

NIDHA.E
9 AF

Beginning on 15 August 2018 ' severe floods affected the south Indian state of Kerala due to unusually high rain fall during the monsoon season it was the worst flooding in Kerala in nearly a century



Over 483 people died and 15 are missing at least a million people were evacuated manually from Chengannur, Pandanad, Edanad, Aluva and chalakudy. North Paravur, chathamagalam, Eloor and few places in Vaipin island. All 14 district of the state were placed on red alert. Kerala had been directly affected by the floods and related incidents.

The Indian government had declared it a level 3 calamity or calamity of a severe nature. It is the worst flood in Kerala after the great flood of 20's that happened in 1924.

# TEARS OF LOVE

RENA SIDHEEQUE
9 AG

I'd like to be a drop of water......
Not to wet your eyes...
But to spread the seeds of love
And let it grow and grow
To the land of dreams...
To that unique fairing land
With those beautiful red red roses

Dancing flowers and singing bees

And we and our dreams....
Let us drink the honey
Of our sweetest dreams
As it would give us....
The delight of our life....
The colours of our love......
Dreams.......
They ever look into future

Forgetting the part and ignoring the present

They' d get us
Into that unique fairy land
The land of dreams....
Where you can't find tears
Let yours eyes yet wet
Not with leave ......
But the drops of love

---

# Little bees....

RISNA
9 AA

Once I saw a little bee.
Coming to my house
Buzz ! Buzz! Buzz!
Buzzing all the way
I wonder where it came from

It was flying all through the house
out side the house , inside the house
wandering all around

It's sound scores me....
and too fun to watch it
Rising through the sky
Buzz! Here goes the bee...
Buzz!here goes the bee...

## WHO AM I

RAMEESHA
9 AG

She wake up
life like a journey
Didn't get anything
Just to smile
To my friend...
Past memories,smiled me
Raised my mind
Made my life happy
as a light
shares to me ....
Life is a smile....
Without it who am I?



# GOAL POEM

FATHIMA RINSHEN
8 AH



The way of my life

That I go through,

Does not a simple word

It is like a snow fall

Ya... it is...

Very cool but like a wind

walks through heat...

The joy will be found

At last....

"When I Reach To My Goal"...

# THE BEST OF FRIENDS

The best of friends

can changing a frown

into a smile

The best of friends

will understand

your little trials

and lend a hand

The best friends

will always share

your secret dreams


because they care

The best friends

worth more than gold

give all the love

a heart can hold



# OLD FRIENDS TOGETHER

Time is sweet , when roses meet

With springs sweet breath around them

And sweet the cost , when hearts are lost

If those we love have found them!

And sweet the mind , that still I am find

A star in darkest weather !

# Valuable friends

FAHIMA.M
9-AA

Friends! They are the
blooming blossoms
which spread fragrance
of love in our life

They are the petals of rare,
The symbol of love
They makes the life heaven
Where the birds sing nice son

It's my luck to have a friend like you
My life is nothing without you.

# Truly a friend

NIHALA . P
9 AA

Someone to learn when problems appear,
Someone on whom you'd depend,
Someone who make our mood lighter,
That someone is truly a friend.

That's how I feel about you
my dear friend;
You are so special just as you are
Just to know that you're there
providing comfort to spare.
A friendship like yours sets the bar.



# ***A Real Friend***

HIBA FEBIN
9 AD

A real friend can forgive
if i did something wrong
A real friend will give a hand
whenever I’m not strong
A real friend will care
if i ever fall ill
A real friend will know
what i really feel
A real friend will listen
if friend to speak
A real friend will remember me
long after i have died.

# ALONE

RENA SIDHEEQUE
9 AG



I don't know why I feel it ,

so actually now

It seem like I never

knew what loneliness was till today

All has changed......

and a lot at that....

There was time......

when friends meant everything to me

When they were my life.....

but in a matter of months.....

ഡിജിറ്റൽ ജാലകം


They have changed.....
Now I feel like an intruder
in their life
Most of them got new friends
and I am just a nuisance...
I feel like an out clayed monument
standing in a fast changing world
irrelevant... useless....

## Beauty searches Beauty

Rena sidheeque
9 AG

On a falling night,
dream came to the eyes,
in the darkness of the nights,
on the top of the height.
I searched in the dark
for a far better reaction
from the tip of your lip
in the silence of my park
still searching for you dear
I know you are not near. but,
Its always a fact dear
beauty searches beauty.




പി.കെ.എം.എം
എച്ച്.എസ്.എസ്
സമ്പൂർണ്ണ ഹൈടെക്ക്
വിദ്യാലയം

പി .കെ.എം.എച്ച്എസ്.എസ്.   IT മേഖലയിൽ അത്യുന്നതങ്ങളിൽ എത്തി നിൽക്കുന്നു.മാനേജ്മെന്റ്, പി.ടി.എ, ഗവൺമെന്റ്, കുട്ടികൾ തുടങ്ങിയവരുടെ സഹായസഹകരണങ്ങൾ കൊണ്ട് മാത്രമാണ് ഈ നേട്ടം കൈവരിക്കാനായത്.





**ഈ സ്കൂളിന്റെ ആദ്യത്തെ IT കോർഡിനേറ്റർ ശ്രീ. കുഞ്ഞുമൊയ്തു മാസ്റ്റർ ആയിരുന്നു. 10 ഡസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ ഒരു ക്ലാസ്റൂമിൽ സജ്ജീകരിച്ചാണ് ഈ പ്രയാണത്തിന് തുടക്കമിട്ടത്. അടുത്ത വർഷം 10 കമ്പ്യൂട്ടർ കൂടി വാങ്ങി രണ്ട് ലാബുകൾ സജ്ജമാക്കി.**


തുടർന്ന് IT കോർഡിനേറ്ററായി തുമ്പത്ത് സലീം മാസ്റ്റർ ചാർജെടുത്തു. ഐ.ടി യിൽ വിദഗ്ധനായ മാസ്റ്റർ കുട്ടികൾക്കും സ്കൂളിനും ഒരു മുതൽക്കൂട്ടായി.

സലീം മാസ്റ്റർക്ക് ശേഷം സന്തോഷ് മാസ്റ്റർ ഐടി കോർഡിനേറ്ററായി ചുമതലയേറ്റു. രണ്ട് ക്ലാസ്സ്മുറികളിലുള്ള ഐടി ലാബ് പിന്നീട് രണ്ടാം നിലയിലുള്ള മൂന്ന് റൂമിൽ സെറ്റ് ചെയ്തു. തുടർന്ന് ലാപ്ടോപ്പുകളുടെ വരവ് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ വിടവാങ്ങലിന് കാരണമായി. ഏതാനും വർഷങ്ങൾക്ക് ശേഷം മൂന്ന് ലാബിലും ലാപ്ടോപ്പുകൾ മാത്രമായി പ്രവർത്തിച്ചു.






150 കുട്ടികൾക്കിരിക്കാൻ സൗകര്യമുള്ള പരിപൂർണായ ഒരു സ്മാർട്ട്റൂം നിർമ്മിച്ചു. ഐസിടി ഡെമോ ക്ലാസ്, ഡിബേറ്റ്, സെമിനാർ എന്നിവയ്ക്ക് ഇത് വളരെ ഉപകാരപ്രദമായി. ടൈംടേബിൾപ്രകാരം വിവിധ സബ്ജക്റ്റ് ടീച്ചേർസ് സ്മാർട്ട്റൂം സൗകര്യം പരമാവധി പ്രയോജനപ്പെടുത്തി. തികച്ചും സ്വതന്ത്ര്യസോഫ്റ്റ് വെയറുകളായിരുന്നു ലാബിലും സ്മാർട്ട്റൂമിലും ഉപയോഗിച്ചത്.





ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ച് വന്നപ്പോൾ മൂന്ന് ഐ.ടി ലാബ് കുട്ടികൾക്ക് അപര്യാപ്തമായിരുന്നു. മാനേജറുടെ ശ്രദ്ധയിൽ ഈ കാര്യം ഉണർത്തുകയുണ്ടായി. തുടർന്ന് നിലവിലുള്ള ലാബിനടുത്ത് തന്നെ മൂന്ന് റൂമുകൾ നിർമിച്ച് നൽകി. ഇതിലേക്കാവശ്യമായ ലാപ്ടോപ്പുകൾ വാങ്ങുകയും സെറ്റ് ചെയ്യുകയും ചെയ്തതിനാൽ കുട്ടികൾക്ക് കൃത്യമായ രീതിയൽ ഐ.ടി പഠനം നടത്തുന്നതിന് സാധിച്ചു.





ഐ.സി.ടി പഠനത്തിന് കൂടുതൽ സൗകര്യങ്ങൾ തേടുമ്പോൾ രണ്ടാമത്തെ സ്മാർട്ട്റൂമിന് പിറവിയെടുത്തു. 100 കുട്ടികൾക്ക് അവിടെ പഠിക്കാനുള്ള സൗകര്യം ഉണ്ട്.



എം.എൽ എ ശ്രീ അബ്ദു റബ്ബിന്റെ വികസനഫണ്ടിൽ നിന്നും 10 കമ്പ്യൂട്ടർ ഒരു പ്രിന്റർ എന്നിവ നമ്മുടെ സ്കൂളിന് ലഭിക്കുകയുണ്ടായി

2016-17 അധ്യയനവർഷത്തിന്റെ അവസാന ദിനങ്ങളിൽ സന്തോഷ് മാസ്റ്റർ, മാസ്റ്റർട്രെയിനറായി പോയ ഒഴിവിൽ എസ്ഐടിസിയായി **ശ്രീ അബ്ദുൽ ഗഫൂർ** മാസ്റ്ററെ തെരഞ്ഞെടുത്തു. ആദ്യത്തെ വെല്ലുവിളിയായി ആ വർഷത്തെ എസ്.എസ്.എൽ.സി ഐടി പരീക്ഷ ആയിരുന്നു. ഇത് ഭംഗിയായി നടത്തുന്നതിന് സാധിച്ചു.IT മേഖല വിപുലീകരിക്കുന്നതിന്പല പദ്ധതികളും ആവിഷ്കരിച്ചു.



* **വരാന്തയിലെ കമ്പ്യൂട്ടർ**
* **ഹൈടെക് ക്ലാസ്റൂം**
* **ടീച്ചേർസിന് ഐടി പഠിക്കാനുള്ള അവസരം**
* **ഡ്യൂട്ടി വിഭജനം**
* **സ്റ്റാഫ്റൂം സൗകര്യങ്ങൾ**

# വരാന്തയിലെ കമ്പ്യൂട്ടർ




കുട്ടികൾക്ക് സ്വന്തമായി നെറ്റ് സെർച്ചിംഗ്, ഐടി പരിശീലനം എന്നിവയ്ക്ക് സൗകര്യമില്ലാത്തതിനാൽ വരാന്തകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കാൻ തീരുമാനിച്ചു. സ്റ്റാഫ് റൂമിനടുത്തുള്ള വരാന്തയിൽ പദ്ധതിക്ക് തുടക്കമിട്ടു. എടരിക്കോട് ഗ്രാമ പഞ്ചായത്ത്പ്രസിഡന്റ് ശ്രീ സുബൈർ തങ്ങൾ ആദ്യത്തെ വരാന്തയിലെ കമ്പ്യൂട്ടർ ഉദ്ഘാടനം ചെയ്തു.കുട്ടിക്കൂട്ടം കുട്ടികൾ അതിന്റെ മേൽനോട്ടം വഹിച്ചു.








# ഹൈടെക് ക്ലാസ്റൂം

ദൃശ്യ പഠനങ്ങൾക്ക് പ്രാധാന്യം നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ 10 ക്ലാസ്റൂം ഹൈടെക്ക് ആക്കുന്നതിന് ഐടി അഡ്വൈസറിയിൽ തീരുമാനമുണ്ടായി. ഈ തീരുമാനപ്രകാരം 10 പ്രൊജക്റ്റർ, 3KV യുപിഎസ് നാലെണ്ണം വാങ്ങുകയും ഓരോ ക്ലസ്റ്റർ വിഭാഗത്തിന് ഓരോ ഹൈടെക്ക് റൂം നിർമ്മിച്ച് നൽകുകയും ചെയ്തു. ഇതിന്റെ ഉദ്ഘാടനം **ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ സുധാകരൻ സാർ** നിർവഹിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ കേരള ഗവൺമെന്റ് സംസ്ഥാന വിദ്യാലയങ്ങളിൽ ഹൈടെക്ക് ക്ലാസ്റൂം തയ്യാറാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ആവശ്യപ്പെട്ടു. നമ്മുടെ മാനേജർ ഇതിന്റെ ആവശ്യകത ഉൾക്കൊണ്ട് ലക്ഷങ്ങൾ മുടക്കി 43 ക്ലാസ്റൂമിന് അടിസ്ഥാന സൗകര്യം ഒരുക്കി.











അങ്ങനെ 43 ക്ലാസ്റൂം സ്മാർട്ട് ആക്കുന്നതിനും ഉപകരണങ്ങൾ കൈറ്റിൽ നിന്ന് ലഭിക്കുകയുമുണ്ടായി. ശ്രീ സുരേഷ് കുമാർ പോൾ (ജില്ലാ സെഷൻ & ജഡ്ജ്)ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.






മുഴുവൻ ക്ലാസ്റൂമിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നമ്മുടെ മാനേജർ കാണിച്ച ഉത്സാഹം ഒന്ന് കൊണ്ട് മാത്രം നമുക്ക് വീണ്ടും കൈറ്റിൽ നിന്നും പ്രൊജക്റ്റർ, ലാപ്ടോപ്പ്, സ്പീക്കർ തുടങ്ങിയ ഉപകരണങ്ങൾ ലഭിക്കുകയും അങ്ങനെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഹൈടെക്ക് ക്ലാസ്റൂമുകൾ എന്ന സ്വപ്നം സാക്ഷാത്കരിക്കുകയും ചെയ്തു.






മാസ്റ്റർ ട്രൈനർ ശബരീഷ് സാർ ഇതിനിടയിൽ നമ്മോട് വിട പറഞ്ഞത് വളരെ ദുഃഖമുണ്ടാക്കുന്ന ഒന്നാകുന്നു

സമ്പൂർണ്ണ ഹൈടെക്ക് ക്ലാസ്റൂം ഉദ്ഘാടനം നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി **പ്രോഫ. രവീന്ദ്രനാഥ്** നിർവ്വഹിച്ചു.എം.എൽ എ ശ്രീ **അബ്ദു റബ്ബ്** അധ്യക്ഷനം ജില്ലാ ഐടി കോടിനേറ്റർ ശ്രീ അബ്ദുൽറഷീദ് സർ ആശംശകളുമർപ്പിച്ചു.






## ടീച്ചേർസിന് ഐടി പഠിക്കാനുള്ള അവസരം

എല്ലാ ടീച്ചേർസിനും ഓരോ ക്ലാസിൽ ഐടി പഠിപ്പിക്കുന്നതിന് ചുമതല നൽകി. എസ്.ഐ.ടി.സിയുടെ നേതൃത്വത്തിൽ അവർക്ക് ട്രൈനിംഗ്, വീഡിയോ ടൂറ്റോറിയൽ, മൊഡ്യൂൾ എന്നിവ നൽകി പഠനത്തിന് സഹായിച്ചു. ഇങ്ങനെ ഒരു സാഹചര്യം ലഭിച്ചപ്പോൾ അധ്യാപകർ ഐടി വിജ്ഞാനം കരസ്ഥമാക്കുകയും പ്രാവർത്തികമാക്കുകയുംചെയ്തു.




## ഡ്യൂട്ടി വിഭജനം


ഒരു സ്കൂൾ ഐടി കോർഡിനേറ്ററും  അഞ്ച് ജോയിന്റ് എസ്.ഐ.ടി.സിമാരും IT യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

| | | |
|---|---|---|
| അബ്ദുൽഗഫൂർ | - | IT Lab,Hi-tech,SSLC exam,Net working,Co-dination, |
| മുഹമ്മദ് അൻവർ എം.കെ | - | പരീക്ഷാ ഡ്യൂട്ടി |
| സപ്ന ഇ.എം | - | അക്കാദമിക് കാര്യങ്ങൾ |
| ഷാജിർ | - | ഐടി മേള |
| ജ്യോതി ജോർജ്ജ് | - | ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ് |
| ആനന്ദ് മോഹൻ | - | ലിറ്റിൽ കൈറ്റ് മാസ്റ്റർ |
| അബ്ദുൽ മജീദ് | - | എസ്.എസ്.എൽ.സി വർക്ക് |

# സ്റ്റാഫ്റൂം സൗകര്യങ്ങൾ

24 മണിക്കൂറും നെറ്റ് വർക്ക് സൗകര്യമുള്ള 4 കമ്പ്യൂട്ടർ സ്റ്റാഫ് റൂമിന്റെ വിവിധ ഭാഗങ്ങളിൽ സജ്ജീകരിച്ചു. മൊബൈൽ നെറ്റ് ലഭിക്കാൻ വൈഫൈ ഏർപ്പെടുത്തി. സമഗ്ര ,സമ്പൂർണ്ണ. ഗൂഗിൾ ഷീറ്റ് മാർക്ക് എൻട്രി, ഐടി പഠനം എന്നിയ്ക്ക് ഇവ വളരെ പ്രയോജനകരമായി.







# ട്രെയിനിംഗ് സെന്റർ

കുട്ടിക്കൂട്ടം വേങ്ങര സബ്ജില്ല ട്രെയിനിംഗ്
ഫിസിക്കൽ സയൻസ് അവധിക്കാല പരിശീലനം
ലിറ്റിൽ കൈറ്റ് വേങ്ങര സബ്ജില്ല ട്രെയിനിംഗ്
ഡി.എം.ഒ-നെഴ്സുമാർക്കുള്ള പരിശീലനം തുടങ്ങി അനേകം പരിശീലനങ്ങൾക്ക് PKMMHSS IT Lab വേദിയായി.

ഐടി ലാബിലെ ലാപ്ടോപ്പ് സൗകര്യങ്ങളും നെറ്റ് വർക്കിംഗ് സൗകര്യങ്ങളും മറ്റ് ഭൗതിക സൗകര്യ ങ്ങളുമാണ് നമ്മുടെ സ്കൂളിനെ ട്രെയിനിംഗ് സെന്ററായി ഉപയോഗിക്കാൻ കാരണം.














## ഐടി മേള

എല്ലാവർഷവും സബ്ജില്ലയിലും ജില്ലയിലും ഓവറോൾ സ്ഥാനം നിലനിർത്തുന്നു.
മലയാളം ടൈപ്പിംഗിൽ എട്ട് വർഷത്തെ സംസ്ഥാന റെക്കോർഡ്

ഡിജിറ്റൽ പെയിന്റിംഗ്, മൾട്ടിമീഡിയ എന്നിവയിലും സംസ്ഥാനതലത്തിൽ വിജയം കരസ്ഥമാക്കി.

ഐടി മേളയ്ക്ക് കുട്ടികൾക്ക് സ്കൂൾ തലത്തിൽ കൃത്യമായ പരിശീലനം





ജില്ലാ ശാസ്ത്രോത്സവത്തിൽ
ഐ.ടി. മേളയിൽ മലയാളം
ടൈപ്പിങ്ങിൽ ഹയർസെക്കൻഡറി
വിഭാഗത്തിൽ ഒന്നാംസ്ഥാനം
നേടിയ ഇ. ആദിൽ അമീൻ.
ഹൈസ്കൂൾവിഭാഗത്തിൽ ഒന്നാം
സ്ഥാനം നേടിയ മുഹമ്മദ് നവീദ്.
സഹോദരന്മാരുടെ മക്കളായ
ഇരുവരും എടരിക്കോട്
പി.കെ.എം.എം.എച്ച്.എസ്.എസി
ലെ വിദ്യാർഥികളാണ്



# ലിറ്റിൽ കൈറ്റ്

ഐടി ലാബ്, ഹൈടെക് ക്ലാസ്റൂം എന്നിവയുടെ മേൽനോട്ടവും പരിപാലനവും ഇവരാണ് ചെയ്യുന്നത്.

കൃത്യമായ ട്രെയിനിംഗ് ലഭിക്കുകയും ഇത് മറ്റ് കുട്ടികൾക്ക് പകർന്ന് നൽകുകയും ചെയ്യുന്നു.
ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി

ഫീൽഡ് ട്രിപ്പ്, ഡോക്യുമെന്ററി നിർമ്മാണം എന്നിവ പ്ലാൻ ചെയ്യുന്നു.

സ്കൂൾ ഇലക്ഷൻ വിജയകരമായി നടത്തിയത് ഇവരാണ്.



# Editorial Team








M-CUBE
Moulding-minds-magically
@peeyem auditorium






# സുഖദം സുകൃദം..



# June 21

# യോഗ ദിനം







SPGspecial protection group







# JUNE-5

## പരിസ്ഥിതി ദിനാഘോഷം






KL10
K7849





# പ്രളയം 2018

# Little Kite Family





